
# യുക്തിവാദ സമീപനം



ശ്രീനിപട്ടത്താനം

# യുക്തിവാദ
# സമീപനം

# യുക്തിവാദ സമീപനം

ശ്രീനിപട്ടത്താനം

ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിഷേഴ്സ്


Malayalam Language
**YUKTHIVADASAMEEPANAM**
( Study)
by
**Sreeni Pattathanam**

Published by
Indian Rationalist Publishers
Pattathanam P.O., Kollam - 691 021
Mob: 9446526088
First Edition - August, 2022
Printed at Akshara Printers, Thiruvananthapuram
Copyright: Author
Cover design by :
Kannan Shanmugham & Paul Ambrose

Disclaimer
Any part of this publication may be reproduced, stored in or introduced into a retrieval system, or transmitted in any form, or by any means, electronic, mechanical, photocopying, recording or otherwise with the prior written permission of the publisher only

**Price: ₹ 140/-**

IRP. 9/2022



**ശ്രീനിപട്ടത്താനം**

1978-79 ൽ രണരേഖ എന്ന മാസിക നടത്തി. 1978-79ൽ തീരഭൂമി എന്ന ദിനപ്പത്രത്തിൽ എഡിറ്ററായി പ്രവർത്തിച്ചു. 1981 മുതൽ 1986 വരെ രണരേഖ യുക്തിവാദി മാസിക നടത്തി. 1985 മുതൽ 96 വരെ ഇന്ത്യൻ യുക്തിവാദി സംഘം സംസ്ഥാന ജനറൽ സെക്രട്ടറി പ്രവർത്തിച്ചു. 1988-ൽ യുക്തിരാജ്യം മാസിക ആരംഭിക്കുകയും അത് ഇപ്പോഴും നടന്ന് വരികയും ചെയ്യുന്നു. 1997 ൽ റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ സംസ്ഥാന ഘടകം (ഭാരതീയ യുക്തിവാദി സംഘം) രൂപീകരിച്ചു. 2004-ൽ മനുഷ്യദൈവ വിമർശനം നടത്തിയതിന് എ.കെ.ആന്റണി സർക്കാർ പ്രോസിക്യൂട്ട് ചെയ്യാൻ ഉത്തരവ് നൽകി. 2005 ൽ ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിക്കേഷൻസ് ആരംഭിച്ചു. 2016-2021 ൽ സെക്യുലർ ആർട്സ് സ്കൂൾ നടത്തി. 2014 ൽ ഹൈദ്രബാദ് മാനവികാസ വേദിക ഏർപ്പെടുത്തിയ ഡോ.എൻ. ഇന്നയ്യാസ് നാഷണൽ ഹ്യൂമനിസ്റ്റ് അവാർഡിന് അർഹനായി. 2016 മുതൽ റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ വൈസ് ചെയർമാനുമായും സംസ്ഥാന ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചുവരുന്നു.

കേരളത്തിലെ മനുഷ്യ ദൈവങ്ങൾ, ശബരിമല പുരാണകഥകളും ചരിത്രവും, ഓർമ്മയിലെ നക്ഷത്രങ്ങൾ, തെരഞ്ഞെടുത്ത യുക്തിവാദ ലേഖനങ്ങൾ, അമൃതാനന്ദമയി ദിവ്യകഥകളും യാഥാർത്ഥ്യവും, മതേതര കവിതകൾ, സ്വതന്ത്രചിന്തയുടെ തീരങ്ങളിൽ എന്നിവ പ്രധാന കൃതികൾ.

വിലാസം : ശ്രീനിപട്ടത്താനം, കൊല്ലം-691 021.
ഫോൺ: + 91 9446526088
email : yuktirajyam@gmail.com

## മുഖകുറിപ്പ്

രണരേഖ, യുക്തിരാജ്യം എന്നീ യുക്തിവാദി മാസികകളിലും യുക്തിവാദി സംഘം പഠന ക്ലാസ്സുകളിലും വന്ന ചോദ്യങ്ങളും കൊടുത്ത ഉത്തരങ്ങളുമാണ് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നത്.

മതവും യുക്തിവാദവുമായി ബന്ധപ്പെട്ടു കിടക്കുന്ന വിഷയങ്ങളിൽ, ഒരു യുക്തിവാദിയുടെ നിലപാടെന്തായിരിക്കണം എന്നു വിശദീകരിക്കുന്നതാണ് യുക്തിവാദ സമീപനം എന്ന ഈ ഗ്രന്ഥം.

ശാസ്ത്രീയ ജീവിതരീതി എങ്ങനെയായിരിക്കണമെന്ന് ചിന്തിക്കുന്ന ഏതൊരാൾക്കും ഈ പുസ്തകം ഒരു വഴികാട്ടിയായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പുരോഗമനകാരികൾ ഈ പുസ്തകത്തെ സഹർഷം സ്വീകരിക്കുമെന്ന വിശ്വാസത്തോടെ നിർത്തുന്നു.

ശ്രീനിപട്ടത്താനം

**അദ്ധ്യായം - ഒന്ന്**

# യുക്തിവാദ സമീപനം എങ്ങനെ?

ഒരു യുക്തിവാദിയുടെ ജീവിതശൈലി യുക്തിവാദ വീക്ഷണത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. അത് ശാസ്ത്രീയ വീക്ഷണമാണ്. അതായത് സൂക്ഷ്മമായ നിരീക്ഷണ പരീക്ഷണങ്ങളിലൂടെ യാഥാർത്ഥ്യം കണ്ടെത്തുന്ന സമീപന രീതിയാണ്.

ഇതൊരു മാനസിക പരിണാമാവസ്ഥയാണ്. വിശ്വാസങ്ങളെ പിൻതുടരുന്ന അവസ്ഥയിൽ നിന്നും ചിന്തിക്കുന്ന അവസ്ഥയിലേക്കുള്ള മാറ്റം. ഈ അവസ്ഥയിലേക്ക് ഒരാൾ മാറിയാൽ പിന്നെ അയാൾ എന്തും നിരീക്ഷണ പരീക്ഷണങ്ങൾക്കു ശേഷമേ സ്വീകരിക്കൂ.

ഈ വീക്ഷണ പ്രകാരം പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളേയും അയാൾ നോക്കിക്കാണുന്നു. വ്യക്തി, കുടുംബം, സമൂഹം, ആകാശം എല്ലാത്തിനേയും ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ അയാൾ പരിശോധിക്കുന്നു.

ആത്യന്തികമായി യുക്തിവാദി ഒരു മാനവികവാദിയായതിനാൽ അയാൾ മാനവികതയ്ക്കെതിരായി നിൽക്കുന്ന എല്ലാറ്റിനേയും എതിർക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ ശരീരത്തെ ബാധിച്ചിരിക്കുന്ന സാംക്രമിക രോഗങ്ങളാണ് ജാതി, മതങ്ങൾ, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നറിയുന്നു. അതുകൊണ്ട് അതിനെതിരായ സമരത്തിൽ യുക്തിവാദി വ്യാപൃതനാകുന്നു.

ഒരു യുക്തിവാദി എപ്പോഴും വിശ്വാസികളെ ഉപേക്ഷിച്ചുകൊ

ണ്ടാണ് ജീവിക്കുന്നത്. ദൈവം, ആത്മാവ്, പുനർജന്മം, ജ്യോത്സ്യം, ജാതകം, വിധിവിശ്വാസങ്ങൾ തുടങ്ങിയ മതത്തിന്റെ ഉൽപ്പന്നങ്ങളെ യുക്തിവാദി ഒഴിവാക്കിയാണ് ചിന്തിക്കുന്നത്.

മതവിശ്വാസം മനുഷ്യനെ അടിമത്വത്തിലേക്ക് നയിക്കുന്നു. എപ്പോഴും ആശ്രയിച്ചു നിൽക്കുന്ന മനസ്സുള്ള രണ്ടാം പൗരന്മാരെ അത് സൃഷ്ടിക്കുന്നു. സ്വയം ചിന്തിക്കാനും തീരുമാനിക്കാനുമുള്ള ശേഷി നശിപ്പിക്കുന്നു. അതുമൂലം വിശ്വാസത്തിന്റെ ഭ്രാന്താവസ്ഥ യിലേക്ക് അവനെ തള്ളിനീക്കുന്നു. അതൊരു വൈകാരികാവസ്ഥ കൂടിയാണ്. അത് മനസ്സിന്റെ സമനിലയെ തകിടം മറിക്കുകയും അനാരോഗ്യാവസ്ഥയിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യും. ഈ അവസ്ഥയിൽ വിശ്വാസിക്ക് ഭയവും അജ്ഞതയും ആരാധനയും ഉടലെടുക്കും. ഇത് മതങ്ങൾക്ക് വിശ്വാസിയെ ചൂഷണം ചെയ്യാനുള്ള വിളനിലം സൃഷ്ടിക്കും. അതുകൊണ്ട് യുക്തിവാദി മതത്തിനെതിരായി ചിന്തിക്കുന്നു.

മതങ്ങൾക്കാണ് ഇവിടെ വിശ്വാസവും ജീവിതരീതിയുമുള്ളത്. അതുപോലെ യുക്തിവാദിക്കും വിശ്വാസവും ജീവിതരീതിയുമുണ്ട്. അതു സമ്പൂർണ്ണമായും ശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഒരു യുക്തിവാദി വിശ്വസിക്കുന്നത് ചിന്തയുടെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ട വസ്തുതയെയാണ്. അതിനെ ചുവടുപിടിക്കുന്ന ജീവിത രീതികളെയാണ്. വിശ്വാസം രണ്ടു വിധത്തിലുണ്ട്. ശരിയായ വിശ്വാസവും തെറ്റായ വിശ്വാസവും. പത്ത് മിനിട്ട് കൊണ്ട് ചെല്ലേണ്ട ഒരു സ്ഥലത്ത് മൂന്നു മണിക്കൂർകൊണ്ട് ചെല്ലാൻ കഴിയുമെന്നു പറയുന്നത് ശരിയായ വിശ്വാസമല്ല തെറ്റായ വിശ്വാസമാണ്. ഇതുപോലെ മതത്തിന്റേതായ അനവധി അന്ധവിശ്വാസങ്ങളും ഉണ്ട്. ഈ വിശ്വാസം വ്യക്തിക്ക് ദോഷമാണ് ചെയ്യുന്നത്. അശാസ്ത്രീയമായ ഈ ധാരണയ്ക്ക് പകരമാണ് ശാസ്ത്രവിജ്ഞാനം പ്രതിഷ്ഠിക്കുന്നത്.

ഒരു യുക്തിവാദി എപ്പോഴും നന്മയുടെ ചിന്തകനാണ്, അയാൾ എപ്പോഴും നല്ലതു ചിന്തിക്കുകയും നല്ലതു പറയുകയും നല്ലതു പ്രവർത്തിക്കുകയും ചെയ്യുന്നു. ഒരാൾക്ക് ദോഷം വരുന്നതൊന്നും

അയാൾ ചെയ്യില്ല. മനുഷ്യനന്മയാണ് അയാളുടെ ലക്ഷ്യം.

ഒരു യുക്തിവാദി കർമ്മനിരതനാണ്. വിധി വിശ്വാസിയല്ല, തലേലെഴുത്താണ് ജീവിതത്തിലെ ഗുണദോഷാവസ്ഥകൾ സൃഷ്ടിക്കുന്നത് എന്നു വിശ്വസിക്കുന്നില്ല. നല്ല സ്വപ്നം കാണുകയും അത് യാഥാർത്ഥ്യമാക്കാൻ കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്യുന്നു. മറിച്ച് കഠിനാദ്ധ്വാനം ചെയ്യുകയും ഫലം നേടുകയും ചെയ്യുമ്പോൾ എല്ലാം ഈശ്വരേച്ഛ എന്നു പറയില്ല. ഭാവിയിലുണ്ടാകാൻ സാദ്ധ്യതയുള്ള വിപത്തുകളെ മുൻകൂട്ടി കാണുകയും അതനുസരിച്ച് മുന്നോട്ട് സഞ്ചരിക്കുകയും ചെയ്യുന്നു. അതുമൂലം അപകടങ്ങൾ സംഭവിക്കാനുള്ള സാദ്ധ്യത കുറയുന്നു. ഏത് അപകടത്തേയും മുൻകൂട്ടി കാണാനും അതിജീവിക്കാനും കഴിയുന്നു.

യുക്തിവാദി സ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്നു. വിശ്വാസിക്ക് വിശ്വസിക്കാനും അവിശ്വാസിക്ക് അവിശ്വസിക്കാനുമുള്ള സ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്നു. അവിശ്വാസികളുടെ പൂർണ്ണസ്വാതന്ത്ര്യത്തിനു വേണ്ടി വാദിക്കുമ്പോൾ തന്നെ വിശ്വാസികളുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയും വാദിക്കുന്നു. അന്യന്റെ ഒരു സ്വത്ത് സ്വന്തമാക്കാൻ യുക്തിവാദി ആഗ്രഹിക്കുന്നില്ല. സ്വന്തം സാമ്രാജ്യത്തിൽ അവൻ പൂർണ്ണതയും ആനന്ദവും കാണുന്നു.

യുക്തിവാദി സ്ത്രീയുടേയും പുരുഷന്റേയും സമത്വത്തിൽ വിശ്വസിക്കുന്നു. സ്ത്രീയും പുരുഷനും സമ്പൂർണ്ണ വ്യക്തിത്വത്തിന്റെ ഉടമകളായി കാണുന്നു. സ്ത്രീ പുരുഷന്റെ അടിമയല്ല, പുരുഷൻ സ്ത്രീയുടേയും അടിമയല്ല. അവർ പരസ്പരം സംസ്ക്കരിച്ച വ്യക്തിത്വത്തിന്റെ ഉടമകളാണ്. അത്തരം വ്യക്തിത്വത്തിന്റെ സംഗമം കുടുംബത്തിൽ ആനന്ദവും സംതൃപ്തിയും പ്രദാനം ചെയ്യുന്നു.

യുക്തിവാദി മാനവികവാദിയാണ്. ആയതിനാൽ സ്നേഹബന്ധങ്ങൾക്ക് വലിയ സ്ഥാനം നൽകുന്നു. ജാതിമതസങ്കൽപ്പങ്ങൾക്കതീതമായി എല്ലാ മനുഷ്യരേയും ഒന്നായി കാണാൻ കഴിയുന്നു. ബന്ധുക്കളേയും മിത്രങ്ങളേയും ഏറ്റക്കുറച്ചിലില്ലാതെ നിഷ്കളങ്കമായി സ്നേഹിക്കുന്നു. സ്വാജാതീയ വിവാഹബന്ധങ്ങൾക്കുപരി വിജാതീയബന്ധങ്ങൾ അതുകൊണ്ട് വളർത്തിയെടുക്കുന്നു.

യുക്തിവാദി ലൈംഗികതയെ അശ്ലീലമായോ പാപമായോ കാണുന്നില്ല. അത് അങ്ങേയറ്റത്തെ സൗന്ദര്യമായി കാണുന്നു.

മതങ്ങളിൽ നിന്നും മനുഷ്യനെ മോചിപ്പിച്ചുകൊണ്ട് ഒരു മതാനന്തരലോകം സൃഷ്ടിക്കാനായി യുക്തിവാദി പ്രവർത്തിക്കുന്നു. അതിനുവേണ്ടി പ്രപഞ്ചോൽപ്പത്തിയേയും ജീവോൽപ്പത്തിയെക്കുറിച്ചു ഭൗതികതയെയും മാനവികതയെയും പഠിപ്പിക്കുന്നു. കൂടാതെ മതത്തിന്റെ സന്നിവേശമുള്ള എല്ലാ രംഗങ്ങളിൽ നിന്നും മതത്തെ ഒഴിവാക്കുകയും വേർതിരിക്കുകയും ചെയ്യുന്നു. വിവാഹം ചെയ്യുമ്പോൾ മതാചാരങ്ങൾ ഒഴിവാക്കി സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹം ചെയ്യുന്നു. കല, സാഹിത്യം സംഗീതം എന്നിവയിലെ മതാംശത്തെ ഒഴിവാക്കി ശുദ്ധമായ സർഗ്ഗ സംഭാവനയെ പ്രമോട്ട് ചെയ്യുന്നു. മരണാനന്തരം മതചടങ്ങുകൾ ഒഴിവാക്കുന്നു. കുട്ടികൾക്ക് പേരിടുമ്പോൾ മതപരിവേഷമില്ലാതെ പേരുകളിടുന്നു. അക്ഷരം തുടങ്ങുമ്പോൾ "റ" യിലോ കളി രീതിയിലോ തുടങ്ങുകയും ഭാഷയിലെ ആശംസ, ആത്മാർത്ഥതപോലുള്ള വാക്കുകൾ ഒഴിവാക്കുകയും ചെയ്യുന്നു.

യുക്തിവാദി കുറ്റകൃത്യങ്ങളിൽ ചെന്നു വീഴുന്നില്ല. കാരണം യുക്തിവാദി വികാരപരമായല്ല കാര്യങ്ങളെ സമീപിക്കുന്നത് വിചാരപരമായാണ്. ഏതൊരു പ്രവർത്തിക്കു മുമ്പും യുക്തിവാദി ഗുണദോഷങ്ങളെക്കുറിച്ച് ചിന്തിച്ചതിന് ശേഷമേ ഇടപെടാറുള്ളു. അതുകൊണ്ട് അപകടങ്ങളിൽ പതിക്കുന്നില്ല. അതു തെളിയിക്കുന്നതാണ് നമ്മുടെ ജയിലറകളിൽ പേരിനുപോലും ഒരു യുക്തിവാദിയെ കാണാൻ കഴിയുന്നില്ല എന്നത്.

രോഗങ്ങൾ, അപകടങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ യുക്തിവാദികൾ ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കാറില്ല. ഇവ സംഭവിക്കാതെ നോക്കുമെങ്കിലും അന്യരുടെ ഇടപെടൽ മൂലമുണ്ടാകുന്ന വേദനകൾക്കു പരിഹാരം തേടുന്നത് ശരിയായ ശുശ്രൂഷ ലഭിക്കുന്ന സ്ഥലത്തേക്ക് എത്രയും വേഗം കൊണ്ടെത്തിക്കുന്നതിനുള്ള വഴി കണ്ടെത്തുകയാണ്. ദൈവത്തിന് പകരമായി യുക്തിവാദി നൽകുന്നത് അതാണ്. അതുപോലെ മനഃശാന്തി ഇല്ലാതാകുന്ന സാഹചര്യങ്ങ

ളിൽ കരിസ്മാറ്റിക് ധ്യാനകേന്ദ്രങ്ങളിലേയ്ക്കോ, പള്ളിയിലേയ്ക്കോ, അമ്പലങ്ങളിലേയ്ക്കോ പോകാതെ ഉണ്ടായ പ്രശ്നങ്ങളുടെ മൂല കാരണം കണ്ടെത്തി പരിഹരിച്ചു ശാശ്വതമായ മനഃശാന്തി നേടുക യായിരിക്കും ചെയ്യുന്നത്. ഉദാഹരണത്തിന് അയൽവാസികളുമാ യുള്ള സംഘർഷം മാറ്റാൻ പോലീസിനേയോ മറ്റോ കാണുകയാ യിരിക്കും ചെയ്യുന്നത്. ഭാര്യാഭർത്താക്കന്മാരുടെ കലഹമാണെങ്കിൽ അതിന്റെ കാരണം കണ്ടെത്തി പരിഹരിക്കുകയും ചെയ്യുക ഇതാണ് ശാശ്വതമായ മനഃശാന്തിയുടെ മാർഗ്ഗം.

ചുരുക്കത്തിൽ യുക്തിവാദം ഒരു സമഗ്ര ചിന്താപദ്ധതിയാണ്. അത് ആനന്ദവും ആരോഗ്യവും സമാധാനവും ഐശ്വര്യവും പ്രദാനം ചെയ്യുന്നു.

**അദ്ധ്യായം-2**

# വിധിയെ നമുക്ക് അതിജീവിക്കാം

**ചോദ്യം :**

**മനുഷ്യരുടെ എല്ലാ കാര്യങ്ങളും ദൈവം വിധിച്ചത് പോലെ യല്ലെ നടക്കുന്നത്. വിധിയെ അതിജീവിക്കുവാൻ നമുക്കു കഴിയുമോ?**

**ഉത്തരം :**

തലയിലെഴുത്തിന് പിടലിയിൽ ചൊറിഞ്ഞാൽ പറ്റുമോ? വിധിച്ചതല്ലേ നടക്കൂ. ഇങ്ങനെയൊരു ചോദ്യം സാധാരണക്കാരുടെ ഇടയിലുണ്ട്. ജീവിതത്തിൽ പരാജയങ്ങൾ സംഭവിക്കുമ്പോൾ അതെല്ലാം ദൈവത്തിന്റെ ഇംഗിതം പോലെയേ നടക്കുവെന്നും നമ്മൾ തലകുത്തിമറിഞ്ഞാലും രക്ഷയില്ലെന്നും ഇക്കൂട്ടർ പറയാറുണ്ട്.

പക്ഷേ, അതൊരു അന്ധവിശ്വാസമാണ്. എല്ലാ വിധിവിശ്വാസത്തേയും നമുക്ക് അതിജീവിക്കാൻ കഴിയും.

നമ്മൾ സാധാരണവിധിയിൽ വിശ്വസിക്കുന്നത് വല്ല അപകടം ഉണ്ടാകുമ്പോഴോ, നഷ്ടങ്ങൾ സംഭവിക്കുമ്പോഴോ ആണ്. ഇതു തെറ്റായ വിശ്വാസമാണ്. നമുക്കിതിനെ മറികടക്കാൻ കഴിയും. അതിന് നാം ചെയ്യേണ്ട കാര്യങ്ങൾ ലളിതമാണ്. ഏതൊരു കാര്യത്തിന്റേയും പരാജയവശങ്ങൾ മുൻകൂട്ടി കാണുകയും അത് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിച്ചു പ്രവർത്തിക്കുകയും ചെയ്താൽ വിധിയിൽ വിശ്വസിച്ചുപോകുന്ന ഏതൊരു സന്ദർഭത്തേയും നമുക്കു അതിജീ

വിക്കുവാൻ കഴിയും. ചില ഉദാഹരണങ്ങൾ സൂചിപ്പിക്കാം. ഒരാൾ ഒരു അർദ്ധ രാത്രിയിൽ ഒരു മൈതാനത്തിന്റെ ഒരറ്റത്ത് വന്നു ചേരുന്നു. അയാൾക്ക് മൈതാനത്തെ മറികടന്നാണ് പോകേണ്ടത്. പക്ഷേ മൈതാനത്തിന്റെ നടുവിൽ കള്ളിമുൾ ചെടികളും, ഇഴ ജന്തുക്കളും, അനാഥമായ പൊട്ടക്കിണറും, പിടിച്ചുപറിക്കാരും ഉണ്ടെന്ന് വിചാരിക്കുക. എന്തും സംഭവിക്കട്ടെ തലയിലെഴുതിയതു പോലല്ലേ നടക്കുവെന്ന് വിചാരിച്ചു കൊണ്ട് പോയാൽ ഇരുളിൽ അയാൾ ഈ തടസ്സങ്ങളിൽ ഏതെങ്കിലും ഒന്നിലെങ്കിലും ഇരയാകേണ്ടി വന്നേക്കും. അഗാഥമായ പൊട്ടക്കിണറിലാണ് വീണതെങ്കിൽ അവിടെക്കിടന്ന് വിലപിക്കുവാനേ കഴിയൂ. മൂർഖൻ കൊത്തുകയോ പിടിച്ചു പറിക്കാർ ആക്രമിക്കുകയോ ചെയ്താൽ അത് അനുഭവിക്കേണ്ടി വന്നേക്കാം. എന്നിട്ട് അത് വിധിയാണെന്ന് വിശ്വസിച്ച് ആശ്വസിക്കുന്നതിൽ ഭേദം അനുകൂലസാഹചര്യമല്ലെങ്കിൽ ആ യാത്ര അന്ന് പുറപ്പെടാതിരുന്നെങ്കിൽ ഈ അപകടത്തിന് ഇരയാകുകയില്ല. ഒന്നുകിൽ അന്ന് പുറപ്പെടാതിരിക്കുകയോ അല്ലെങ്കിൽ ഒരു ടോർച്ച് സംഘടിപ്പിച്ച് പ്രകാശിപ്പിച്ച് മറ്റാരുടെയെങ്കിലും സഹായത്തോടെ പോവുകയോ ചെയ്താൽ ഈ അപകടത്തെ തരണം ചെയ്യാൻ സാധിക്കും. അങ്ങനെ ഉണ്ടാകാനിരുന്ന അപകടത്തെ നാം മുൻകൂട്ടി മനസ്സിലാക്കി വിധിയെ അതിജീവിക്കാൻ കഴിയും. മറ്റൊരു ഉദാഹരണം സൂചിപ്പിക്കാം. വിദ്യാസമ്പന്നനായ ഒരു ചെറുപ്പക്കാരൻ വലിയൊരു തുക വായ്പയെടുത്ത് വീടിനടുത്ത് പുതുതായി പണി കഴിപ്പിച്ച കെട്ടിടത്തിൽ ഒരു മെഡിക്കൽ സ്റ്റോർ തുടങ്ങുന്നുവെന്നിരിക്കട്ടെ തുടങ്ങുമ്പോൾ തന്നെ ഒരു ജ്യോത്സ്യനെക്കണ്ട് സർവ്വദോഷങ്ങളും പരിഹരിച്ച് കടയുടെ നാലു മൂലയ്ക്കും മന്ത്രം ജപിച്ച് കുപ്പിയിൽ കെട്ടുകയും നല്ല നേരം നോക്കി കട ആരംഭിക്കുകയും ചെയ്തു. മാസങ്ങൾ കഴിഞ്ഞപ്പോൾ കടമെടുത്ത തുക പെരുകുകയും കടം അടയ്ക്കാൻ കഴിയാതെ വരികയും ചെയ്തു. തുടർന്ന് ചെറുപ്പക്കാരൻ ജ്യോത്സ്യം വച്ചുനോക്കിയപ്പോൾ തുലാമാസം തുടങ്ങുന്നതുവരെ ദോഷകാലമാണെന്ന് തെളിയുകയും പാപ പരിഹാരത്തിന് പടിഞ്ഞാറെ നടയിൽ പോയി കോഴിയും, മൂന്നു മുഴം പട്ടും വാങ്ങി കൊടുക്കാൻ നിർദ്ദേശം ലഭിക്കുകയും

ചെയ്തു. തുടർന്ന് തുലാമാസവും വൃശ്ചികമാസവും കഴിഞ്ഞിട്ടും കച്ചവടത്തിൽ കടം വർദ്ധിക്കുകയല്ലാതെ പുരോഗതി ഒന്നും ഉണ്ടായില്ല. അവസാനം കച്ചവടം നിർത്താൻ തീരുമാനിച്ചു. തനിക്ക് കച്ചവടം വാഴത്തില്ലെന്നും തലവിധി പോലയേ കാര്യങ്ങൾ നടക്കുകയുള്ളുവെന്നും ചെറുപ്പക്കാരൻ വിശ്വസിച്ചു.

യഥാർത്ഥത്തിൽ സംഭവിച്ചതെന്താണ്. നാം കച്ചവടം ആണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെങ്കിൽ ആദ്യം വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്ന സാധനം വിറ്റഴിക്കാനുള്ള മാർക്കറ്റുണ്ടോ എന്നറിഞ്ഞിരിക്കുകയും ആ കച്ചവടത്തിൽ പരിശീലനം ഉണ്ടായിരിക്കുകയും വേണം. മെഡിക്കൽ സ്റ്റോർ ആണ് തുടങ്ങുന്നതെങ്കിൽ വീടിനടുത്ത് സ്ഥലം കിട്ടിയാൽ പോലും തുടങ്ങരുത്. മറിച്ച് ആശുപത്രി നിൽക്കുന്ന സ്ഥലത്തിനടുത്ത് വേണം തുടങ്ങാൻ. മരുന്ന് വാങ്ങിക്കാൻ ആളെക്കിട്ടുന്ന സ്ഥലം ആയിരിക്കണം. ഇവിടെ ചെറുപ്പക്കാരൻ മെഡിക്കൽ സ്റ്റോർ തുടങ്ങാതെ നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്ന ഒരു സ്റ്റോർ തന്റെ വീടിനടുത്ത് തുടങ്ങിയിരുന്നുവെങ്കിൽ വിജയിക്കുമായിരുന്നു. കാരണം മരുന്നു വാങ്ങിക്കുന്നവരേക്കാൾ കൂടുതൽ ആളുകൾ വീടിനടുത്ത് നിത്യോപയോഗ സാധനങ്ങൾ വാങ്ങാനുണ്ട്.

അതുകൊണ്ട് ഒരു കാര്യം മനസ്സിലാക്കുക. നമുക്ക് ജീവിതത്തിൽ വിജയവും പരാജയവവും സംഭവിപ്പിക്കുന്നത് നമ്മുടെ പ്രവർത്തിയാണ്. പരാജയം എപ്പോഴും നമ്മുടെ സന്തതസഹചാരിയാണ്. അവൻ നമ്മെ കുഴിയിൽ ചാടിപ്പിക്കാനിരിക്കയാണ്. അതുകൊണ്ട് അതിനെതിരെ നാമെപ്പോഴും ജാഗരൂകനായിരിക്കുക. വിജയം സുനിശ്ചിതമാണ്. ഇക്കാര്യത്തിൽ ദൈവവിശ്വാസത്തിനൊരു പങ്കുമില്ല.

## വിധിയും യാത്രക്കാരനും

**ചോദ്യം :**

**റോഡിൽക്കൂടി ഒരു യാത്രക്കാരൻ വളരെ സൂക്ഷിച്ച് നടന്നു പോയിട്ടും എതിരെ വന്ന വണ്ടി നിയന്ത്രണം വിട്ട് യാത്രക്കാരനെ ഇടിച്ചു തെറിപ്പിക്കുകയുണ്ടായി. അത് അയാളുടെ വിധിയായിരുന്നതു കൊണ്ടല്ലേ? അയാൾ പരമാവധി ശ്രദ്ധിച്ചു നടന്നിട്ടും അപ്രതീക്ഷിതമായി വന്ന വാഹനം ഇടിച്ചതു വിധിയല്ലെങ്കിൽ പിന്നെന്താണ്? അതുപോലെ റോഡരുകിൽ കൂടി ഒരു യത്രക്കാരൻ വളരെ ശ്രദ്ധിച്ചു പോകുമ്പോൾ അടുത്ത പുരയിടത്തിൽ നിന്ന തെങ്ങിൽ നിന്നു തേങ്ങ അടർന്നു അയാളുടെ തലയിൽ വീഴുകയുണ്ടായി. അയാൾ പരമാവധി ശ്രദ്ധിച്ചിട്ടും മുകളിൽ നിന്നും തേങ്ങ തലയിലേക്കു വീണത് ദൈവ നിശ്ചയമായ വിധിയല്ലേ?**

ഉത്തരം :

ഓരോ ചോദ്യത്തിനും പ്രത്യേകം ഉത്തരം പറയാം. റോഡിൽകൂടി യാത്രക്കാരൻ സൂക്ഷിച്ചു പോയപ്പോൾ അപ്രതീക്ഷിതമായി നിയന്ത്രണം വിട്ട വാഹനം വന്നിടിച്ചതു വിധികൊണ്ടല്ല. അപകടം ഉണ്ടാകാതിരിക്കാൻ നടന്നു പോയ ആൾ മാത്രം വിചാരിച്ചാൽ പോര. എതിരെ വാഹനത്തിൽ വന്ന ആളും വിചാരിക്കേണ്ടതുണ്ട്. വണ്ടിയുടെ നിയന്ത്രണം വിട്ടത് അശ്രദ്ധമൂലമോ, എഞ്ചിൻ തകരാറു മൂലമോ, മദ്യപിച്ചതു മൂലമോ ആയിരിക്കാം. അങ്ങനെയാണെങ്കിൽ

വാഹനത്തിൽ കയറും മുൻപ് എഞ്ചിൻ തകരാറ് പരിശോധിക്കുകയോ, മദ്യപിക്കാതിരിക്കുകയോ, വണ്ടി ഓടിക്കുമ്പോൾ മറ്റു കാര്യങ്ങളിലേയ്ക്ക് മനസ്സു വ്യാപരിച്ചു പോകാതെ ശ്രദ്ധിക്കുകയോ ചെയ്തിരുന്നെങ്കിൽ നടന്നു വന്ന യാത്രക്കാരനെ ഇടിച്ചു മറിക്കില്ലായിരുന്നു. ചുരുക്കത്തിൽ അപകട സാദ്ധ്യത നിറഞ്ഞ നിരത്തിൽ അപകട സാദ്ധ്യതയെക്കുറിച്ചു മുൻകൂട്ടി കണ്ട് യാത്രക്കാർ പരസ്പരം സഞ്ചരിക്കുകയാണെങ്കിൽ അപകടം പരമാവധി ഒഴിവാക്കാൻ കഴിയും.

അതുപോലെതന്നെയാണ് തേങ്ങാ വീണ കാര്യം. ഇക്കാര്യത്തിൽ റോഡിൽകൂടി നടന്ന ആൾ മാത്രം ശ്രദ്ധിച്ചാൽ പോര. റോഡിനോട് ചേർന്ന പുരയിടത്തിലെ തെങ്ങിന്റെ ഉടമയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. തെങ്ങിൽ തേങ്ങ വിളയുമ്പോൾ അടർത്തു മാറ്റുന്നതിൽ ശ്രദ്ധിക്കുകയോ, പാകമാകാത്ത തേങ്ങ റോഡിൽ വീഴാൻ സാദ്ധ്യതയുണ്ടെങ്കിൽ വലകെട്ടി അതു തടയുകയോ ചെയ്യേണ്ടതുണ്ട്. ഒരു പക്ഷേ റോഡിലേയ്ക്കു തെങ്ങ് മറിഞ്ഞു വീഴാൻ സാദ്ധ്യതയുണ്ടെങ്കിൽ അതു മുറിച്ചു മാറ്റണം. ഇക്കാര്യം തെങ്ങിന്റെ ഉടമ നേരത്തെ ശ്രദ്ധിച്ചിരുന്നെങ്കിൽ യാത്രക്കാരന്റെ മേൽ തേങ്ങ വീഴില്ലായിരുന്നു. ചുരുക്കത്തിൽ എല്ലാവരും എല്ലാ കാര്യങ്ങളും മുൻകൂട്ടി ശ്രദ്ധിച്ചാൽ ഏതപകടത്തേയും പരാജയത്തേയും പരമാവധി അതിജീവിക്കുവാൻ കഴിയും. മറിച്ചു ദൈവനിശ്ചയമായ വിധിയെന്നു കരുതി നിരാശപ്പെടേണ്ടിവരില്ല.

അദ്ധ്യായം-3

# മനഃശാന്തി ലഭിക്കുവാൻ

**ചോദ്യം :**

**ഭക്തജനങ്ങൾ ദേവാലയങ്ങളിൽ പോയി പ്രാർത്ഥിക്കുമ്പോൾ അവർക്കു മനഃശാന്തി ലഭിക്കുന്നു. ദേവാലങ്ങളിൽ പോകുന്നതിനെ വിമർശിക്കുന്ന യുക്തിവാദികളെ സമീപിച്ചാൽ യുക്തിവാദികൾക്കു മനഃശാന്തി നൽകാൻ കഴിയുമോ?**

**ഉത്തരം :**

ഭക്തജനങ്ങൾ ദേവാലയത്തിൽ പോയി പ്രാർത്ഥിക്കുമ്പോൾ അവർക്ക് ലഭിച്ചെന്നു തോന്നുന്ന മനഃശാന്തി വെറും താല്കാലികമാണ്. പ്രാർത്ഥന കഴിഞ്ഞ സമയത്ത് മനശാന്തി ഉണ്ടായതായി തോന്നുന്നെങ്കിലും അതു കഴിയുമ്പോൾ വീണ്ടും ശാന്തിയില്ലായ്മ ആവർത്തിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ മനശാന്തി നേടലിൽ ഒരർത്ഥവുമില്ല.

മനഃശാന്തി നഷ്ടപ്പെടുന്നത് എപ്പോഴും വ്യക്തിയുടെ കുടുംബം, തൊഴിൽ, രാഷ്ട്രീയം തുടങ്ങിയ മണ്ഡലങ്ങളിൽ പ്രശ്നങ്ങളുണ്ടാകുമ്പോഴാണ്. ഈ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടായാൽ മനഃശാന്തി ലഭിക്കും. അത് താൽക്കാലികമായിരിക്കില്ല, സ്ഥിരമായിരിക്കും.

ഇതു മനസിലാക്കുവാൻ ദേവാലയത്തിൽ പോയാൽ നടക്കില്ല, മറിച്ച് സ്വയം വിചാരിച്ചാൽ നമുക്ക് ആ പ്രശ്നം കണ്ടെത്താൻ കഴിയും. കണ്ടെത്തി ആ പ്രശ്നം പരിഹരിച്ചാൽ മനഃശാന്തിയുണ്ടാകും. ഒരു ഉദാഹരണം കൊണ്ടു വ്യക്തമാക്കാം. ഒരു ചെറിയ കുടുംബ

ത്തിൽ ഭാര്യയും, ഭർത്താവും എന്നും വഴക്കാണ്. വഴക്ക് വർദ്ധിച്ചപ്പോൾ അയലത്തെ രാധചേച്ചി ജ്യോത്സ്യരെ സമീപിക്കാൻ നിർദ്ദേശിച്ചു. ജ്യോത്സ്യരെ കണ്ടപ്പോൾ ജ്യോത്സ്യർ പറഞ്ഞു. വസ്തു ലഭിക്കുന്നതിനുവേണ്ടി തലതല്ലി പിരിഞ്ഞുപോകുന്നതിനു അയലത്തുകാരൻ കൂടോത്രം ചെയ്തിരിക്കുകയാണെന്നാണ്.

അതിനുപരിഹാരമായി ഭദ്രകാളിക്ഷേത്രത്തിൽ പോയി. നാൽപ്പത്തൊന്നുദിവസം പ്രാർത്ഥിക്കണമെന്നും നേർച്ചകൾ നൽകണമെന്നുമായിരുന്നു. അപ്രകാരം സ്ത്രീ അതു ചെയ്തുവന്നു. പക്ഷെ നാൽപ്പത്തൊന്നു കഴിഞ്ഞിട്ടും വഴക്കു സമാപിച്ചില്ല. അമ്പലത്തിൽ പ്രാർത്ഥിച്ചു കഴിയുമ്പോൾ മനഃസുഖം തോന്നുമെങ്കിലും വീട്ടിൽ വരുമ്പോൾ വീണ്ടും മനഃസുഖം നഷ്ടപ്പെടുകയാണ്.

യഥാർത്ഥത്തിൽ വഴക്കുണ്ടാകുന്നതിന്റെ കാരണം ഭർത്താവിന് മറ്റൊരു സ്ത്രീയുമായി അടുപ്പമുണ്ടെന്നു ഭാര്യയുടെ സംശയം മൂലമാണ്. അവസാനം ഭാര്യക്കുതന്നെ തന്റെ സംശയം തെറ്റാണെന്നു ബോദ്ധ്യപ്പെട്ടതോടെ പ്രശ്നം അവസാനിച്ചു. ഈ ബോദ്ധ്യപ്പെടൽ സ്ത്രീ വളരെക്കാലം നടത്തിയ നിരീക്ഷണങ്ങളുടെ ഫലമായിട്ടായിരുന്നു. ഈ ശാസ്ത്രീയ സമീപനത്തോടെ കുടുംബത്തിനു ലഭിച്ചത് താൽക്കാലിക ശാന്തിയായിരുന്നില്ല. ശാശ്വതമായ ശാന്തിയായിരുന്നു. കുടുംബകലഹം അവസാനിക്കുകയും ചെയ്തു. ഇത്തരം പ്രശ്നങ്ങളു ണ്ടാക്കി മനശ്ശാന്തി നഷ്ടപ്പെടുമ്പോൾ ദേവാലയങ്ങളിൽ പോയി പ്രാർത്ഥിക്കുന്നതു അശാസ്ത്രീയമായ സമീപനമാണ്. മനഃശാന്തി നഷ്ടപ്പെടുമ്പോൾ അതിന്റെ കാരണം സ്വയം മനസ്സിലാക്കുകയോ, ആരുടെയെങ്കിലും സഹായത്തോടെ മനസ്സിലാക്കുകയോ, വിദഗ്ധനായ ഒരു മനഃശാസ്ത്രജ്ഞനുമായി സംസാരിക്കുകയോ ചെയ്താൽ മനസ്സിനെ അലട്ടുന്ന പ്രശ്നം കണ്ടെത്താനും പരിഹരിക്കാനും കഴിയും. അതുകൊണ്ട് മനഃശാന്തി നഷ്ടപ്പെടുമ്പോൾ നേരെ ദേവാലയങ്ങളിലേയ്ക്ക് പോകാതെ ശാസ്ത്രീയമായി പഠിച്ചു പരിഹരിച്ചാൽ മാത്രം മതിയാവും. മനഃശാന്തി നഷ്ടപ്പെടുന്നവർക്ക് അത് ലഭിക്കുന്നതിന് വിജ്ഞാനികളായ യുക്തിവാദികളെ സമീപിക്കാവുന്നതാണ്.

## ദൈവശക്തി ഭൗതികമാണ്

**ചോദ്യം :**

**ഒരു യഥാർത്ഥ ഈശ്വര വിശ്വാസി യുക്തിവാദികളെപ്പോലെ എല്ലാ ദൈവങ്ങളിലും വിശ്വസിക്കുന്നില്ല. മറിച്ചു ഒരു ശക്തിയിൽ മാത്രമെ വിശ്വസിക്കുന്നുള്ളു. അതാണു യഥാർത്ഥ ദൈവം. ഈശ്വരൻ ശക്തിയാണെന്നു കരുതുന്നതിൽ എന്താണ് തെറ്റ്?**

**ഉത്തരം :**

ഈശ്വര വിശ്വാസികൾ പ്രധാനമായും ആത്മീയതയിൽ വിശ്വസിക്കുന്നവരും യുക്തിവാദികൾ ഭൗതിക ചിന്തയിൽ വിശ്വസിക്കുന്നവരുമാണ്. ഈശ്വര വിശ്വാസികൾ പറയുന്ന ശക്തിയെ ആത്മീയമാക്കിയാണു പറയുന്നത്. യഥാർത്ഥത്തിൽ ശക്തി ആത്മീയമല്ല. അതിനു ദൈവ വിശ്വാസവുമായി ഒരു ബന്ധവുമില്ല. ശക്തി ഭൗതികമാണ്. ശക്തി ഉണ്ടാകുന്നത് ഭൗതികപദാർത്ഥത്തിൽ നിന്നാണ്. ശക്തിയുടെ കാരണം ഭൗതികമാണ്. ഒരു ഇരുമ്പുകഷണത്തിലെ മോളിക്യൂൾസ് ക്രമമല്ലാത്തപ്പോൾ ശക്തിയില്ല. ക്രമമാകുമ്പോൾ ശക്തി ഉണ്ടാകുന്നു. കറങ്ങാതിരിക്കുമ്പോൾ കറണ്ടില്ല. എന്നാൽ കറക്കുന്നതിനായി ഒരു ശക്തി ചെലുത്തുമ്പോൾ അതിൽ കറണ്ട് എന്ന ശക്തി ഉണ്ടാകുന്നു. ഇങ്ങനെ എല്ലാ ശക്തികളുടെയും ഉറവിടം ഭൗതികവസ്തുക്കളാണ്.

ഭൂമി എന്ന വസ്തുവിന്റെ ശക്തിയാണ് ആകർഷണശക്തി. ആ ശക്തിയുടെ ഉറവിടം ഭൗതികവസ്തുവാണ്. അതുകൊണ്ട് ഏതു

ശക്തിയുടെയും മാതാവ് ഭൗതിക വസ്തുവാണ്. ഒരു ശക്തിയിൽ വിശ്വസിക്കുന്ന ആരും ഭൗതികചിന്തയിൽ വിശ്വസിക്കുന്നവരാണ്. ശക്തിയിൽ വിശ്വസിക്കുന്ന എല്ലാവരും യുക്തിവാദികളോ ശാസ്ത്ര വാദികളോ ആണ്.

വേദകാലത്തു അറിവില്ലായ്മയിൽ നിന്നും അഗ്നിദേവനും, വരുണദേവനും, വായുഭഗവാനും, ചന്ദ്രഭഗവാനും, സൂര്യഭഗവാനും ഉണ്ടായതുപോലെ അറിവില്ലായ്മമൂലമാണ് ശക്തി (power) യെ ഈശ്വരനായി വിശ്വാസികൾ കാണുന്നത്. ശാസ്ത്രബോധം ഉണ്ടായാൽ ദൈവ വിശ്വാസം മാറുന്നതാണ്.

# യുക്തിവാദികൾക്കു ഭയമുണ്ടോ?

**ചോദ്യം :**

**യുക്തിവാദികൾക്കു ഒന്നിനേയും ഭയമില്ലെന്നു പറയുന്നത് ശരിയാണോ?**

**ഉത്തരം :**

ശരിയല്ല വിശ്വാസികൾക്കു ഭയമുണ്ടാകുന്നതുപോലെ യുക്തിവാദികൾക്കും ഭയമുണ്ടാകാം. ഭയത്തിന്റെ മൂലകാരണം അറിവില്ലായ്മയാണ്. ഇത് ആർക്കു സംഭവിച്ചാലും ഭയമുണ്ടാവാം. പരിചിതമല്ലാത്ത സ്ഥലത്ത് രാത്രിയിൽ ഒറ്റയ്ക്ക് അകപ്പെട്ടുപോയെന്ന് കരുതുക. ഇരുകൂട്ടർക്കും ഭയമുണ്ടാകാം. കാരണം അവിടെ ഇരുളിനുള്ളിൽ എന്തെങ്കിലും അപകടം അന്നുണ്ടാകുമോ എന്ന് അറിഞ്ഞുകൂടാത്തതാണ് ഭയത്തിന് കാരണം. മറിച്ച് അപകടമുണ്ടാവില്ലെന്ന് വ്യക്തമായ വിവരം ലഭിച്ചാൽ ഭയം മാറുകയും ചെയ്യും. ഈ വിവരം അറിവാണ്. ഇത് രണ്ടുകൂട്ടർക്കും സംഭവിക്കാം.

എന്നാൽ ഒരു വ്യത്യാസമുണ്ടിവിടെ. അറിവു ലഭിയ്ക്കാത്ത ഇരുളിലേയ്ക്ക് (ഒരു കാര്യത്തിലും) യുക്തിവാദി ഒരിക്കലും ഇറങ്ങിചെല്ലുകയില്ല. വ്യക്തമായ അറിവു ലഭിച്ചില്ലെങ്കിൽ അയാൾ പിന്തിരിയും. അപകടത്തിലകപ്പെടാതെ രക്ഷപെടും. പക്ഷേ വിശ്വാസി അറിവു ലഭിച്ചില്ലെങ്കിലും അപകടത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലും. അവസാനം അപകടത്തിന് ഇരയാകുമ്പോൾ വിധിയാണെന്ന് വിശ്വസിക്കും.

# ദൈവഭയം നല്ലത്

**ചോദ്യം:**

**കുറ്റം ചെയ്യാതെ ജീവിക്കുന്നതിന് ദൈവഭയം നല്ലതല്ലേ?**

**ഉത്തരം:**

കുറ്റം ചെയ്യാതെ ജീവിക്കുന്നതിന് ദൈവഭയം നല്ലതാണെങ്കിൽ നമ്മുടെ ജയിലുകളിൽ കിടക്കുന്നവർ എല്ലാവരും ഈശ്വരവിശ്വാസമില്ലാത്തവരായിരിക്കണ്ടെ. എന്നാൽ സംഗതി മറിച്ചാണു ഒരു ശതമാനം പോലും ജയിലുകളിൽ യുക്തിവാദികൾ കിടപ്പില്ല. അതിൽ നിന്നും മനസിലാക്കുന്നത് ഈശ്വരഭയം തെറ്റുചെയ്യിപ്പിക്കില്ല എന്നത് ശരിയല്ലെന്നുള്ളതാണ്.

യഥാർത്ഥത്തിൽ ഒരാളെ കുറ്റക്കാരനാക്കുന്നത് ദൈവവിശ്വാസമോ വിശ്വാസമില്ലായ്മയോ അല്ല. അത് ഒരു പ്രത്യേക സാഹചര്യത്തിലുണ്ടാകുന്ന വൈകാരിക പ്രതികരണമാണ് ഒരു പൂർണ്ണ യുക്തിവാദി ഈ അവസ്ഥയേയും അതിജീവിക്കും. യുക്തിവാദി വിചാരത്തിനു പ്രാധാന്യം നൽകുകയും വിശ്വാസിവികാരത്തിനു പ്രാധാന്യം നൽകുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് വിശ്വാസി പെട്ടെന്ന് ക്ഷുഭിതനാവുകയും കുറ്റം ചെയ്യുകയുമാണ് പതിവ്. യുക്തിവാദി ഭാവി വിപത്തിനെക്കുറിച്ച് മുൻകൂട്ടി ചിന്തിക്കുന്നത് കൊണ്ട് കുറ്റം ചെയ്യാതിരിക്കുന്നതാണ് പതിവ്.

# ദൈവം കൊടുത്ത ശിക്ഷകൾ

**ചോദ്യം:**

**ദൈവത്തെ കണ്ടാൽ കാലുമടക്കി അടിക്കുമെന്നു പറഞ്ഞ ഒരു നിരീശ്വരവാദി കാർ ആക്സിഡന്റിൽപ്പെട്ട് കാൽ ഒടിഞ്ഞു പോയി. അയ്യപ്പനെ നിന്ദിച്ച ഒരു നിരീശ്വരവാദി ക്യാൻസർ രോഗിയായി കഴിയുന്നു. ഇതൊക്കെ ദൈവം കൊടുത്ത ശിക്ഷയല്ലേ?**

**ഉത്തരം :**

കാർ ആക്സിഡന്റിൽപ്പെട്ട് കാൽ ഒടിഞ്ഞുപോവുക ഒരു പുതിയ സംഭവമല്ല. ആയിരക്കണക്കിന് പേർ ആക്സിഡന്റിൽപ്പെട്ട് കാൽ ഒടിഞ്ഞിട്ടുണ്ട്. അവരൊന്നും ദൈവവിശ്വാസത്തെ ചോദ്യം ചെയ്തവരല്ല. മറിച്ച് ദൈവത്തിന് കാലാകാലം നേർച്ച ചെയ്തവരുമാണ്. അതുപോലെ തന്നെയാണ് ക്യാൻസർ രോഗിയുടെ കാര്യവും. മെഡിക്കൽ കോളേജിൽ ക്യാൻസർ ബാധിച്ചും കൈയ്യും, കാലും മറ്റും ഒടിഞ്ഞും മാരക രോഗങ്ങൾ ബാധിച്ചും കിടക്കുന്നവരെല്ലാം നിരീശ്വരവാദികളല്ല ഈശ്വരവാദികളാണ്. അതുകൊണ്ട് ഈ ആരോപണം ശരിയല്ല.

# ദൈവത്തിന് പകരം വയ്ക്കാൻ എന്ത്?

**ചോദ്യം :**

**ആക്സിഡന്റിൽപ്പെട്ടു മരിച്ചുപോയ രണ്ടു കുട്ടികളുടെ മാതാവ് ദൈവമേ എന്നു വിളിച്ച് ആശ്വസിക്കുന്നു. കാലിൽ ക്യാൻസർ ബാധിച്ച രോഗിയും എന്റെ ദൈവമേ എന്നു വിളിച്ച് കരയുന്നു. യുക്തിവാദികൾ ഇതിനു പകരം എന്താണ് കൊടുക്കുന്നത്?**

**ഉത്തരം :**

ദൈവം കാരുണ്യവാനാണെന്നാണല്ലോ പറയുന്നത്. അങ്ങനെയാണെങ്കിൽ ഈ ആക്സിഡന്റും ക്യാൻസറും ദൈവത്തിന് നേരത്തേ ഒഴിവാക്കാമായിരുന്നില്ലെ. ആക്സിഡന്റും വേദനയും ഉണ്ടാകുമ്പോൾ യുക്തിവാദികൾ ദൈവമേ എന്നു വിളിയ്ക്കാതെ വിദഗ്ധനായ ഡോക്ടറും ആസ്പത്രിയും എവിടെയെന്നാണ് ചിന്തിക്കുന്നത്.

## തൂണിലും തുരുമ്പിലും ശാസ്ത്രം

**ചോദ്യം :**

**തൂണിലും തുരുമ്പിലും ദൈവമിരിക്കുന്നു. ഈ ചൊല്ലുപോലെ എല്ലാവരും മതവിശ്വാസത്തിനടിമയല്ലേ?**

**ഉത്തരം :**

ഈ അഭിപ്രായം ശരിയല്ല. കാരണം ഏതൊരു മതവിശ്വാസിയും ശാസ്ത്ര കാര്യങ്ങൾക്ക് അടിമയാണെന്നുള്ളതാണ് സത്യം. ഉദാഹരണത്തിന് ഒരാൾ ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം, കഴിക്കുന്ന ആഹാരം, ധരിക്കുന്ന വസ്ത്രം, താമസിക്കുന്ന പാർപ്പിടം, ജോലി ചെയ്യുന്ന ഫാക്ടറികൾ, യാത്ര ചെയ്യുന്ന വാഹനം വാർത്താ മാധ്യമങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളും ഭൗതികവും ശാസ്ത്ര സംഭാവനകളുമാണ്. മറിച്ചു ഒരു വ്യക്തിയിലും മതം ഒരു സ്വാധീനവും ചെലുത്തുന്നില്ല മറിച്ച് ശാസ്ത്രം അവനെ (ഏത് മത വിശ്വാസിയേയും) വിഴുങ്ങി എടുത്തിരിക്കുന്നു. അതുകൊണ്ട് ചൊല്ല് തിരുത്തി പറയേണ്ടിയിരിക്കുന്നു. തൂണിലും തുരുമ്പിലും ഇരിക്കുന്നത് ദൈവമല്ല ശാസ്ത്രമാണെന്ന്.

# ഭൂരിപക്ഷം പേരും യുക്തിവാദികൾ

**ചോദ്യം :**

**90% പേരും മതവിശ്വാസികളാണെന്നും 10% പേർമാത്രമേ യുക്തിവാദികളെന്നും പറഞ്ഞാൽ അതു ശരിയല്ലേ?**

**ഉത്തരം :**

ഈ അഭിപ്രായം ശരിയല്ല. ഇത് തിരിച്ചിടുകയാണ് വേണ്ടത്. ഇന്ന് വിശ്വാസികൾ 10 ശതമാനവും യുക്തിവാദികൾ 90 ശതമാനവുമാണുള്ളത്. ഏതൊരു വിശ്വാസിയുടേയും നിത്യജീവിതം പരിശോധിക്കുക. അവന്റെ പ്രാർത്ഥനാ സമയം കൂടിപ്പോയാൽ രണ്ടു മണിക്കൂർ ഉണ്ടെന്നു വിചാരിക്കുക. ബാക്കി എല്ലാ സമയവും അവൻ ശാസ്ത്രീയമായ കാര്യങ്ങളിൽ വ്യാപരിക്കുകയാണ്. ഒരു വീട്ടമ്മയെ നോക്കൂ. രാവിലെ മുതൽ രാത്രി വരെ അവർ അടുക്കളയിലും വീട്ടിലെ ജോലികളിലും വ്യാപരിക്കുകയാണ്. ഒരു ഫാക്റ്ററി തൊഴിലാളിയെ നോക്കൂ. ഭൂരിഭാഗം സമയവും ഭാക്ടറിയിൽ ജോലിചെയ്യുന്നു. കൃഷിക്കാരനെ നോക്കൂ കൃഷി ഭൂമിയിൽത്തന്നെ ഭൂരിഭാഗം സമയവും. ഉദ്യോഗസ്ഥനെ നോക്കൂ പകൽ മുഴുവൻ ഓഫീസിൽ തന്നെ. അധ്യാപകൻ, പോലീസ്, പട്ടാളം, വിദ്യാർത്ഥി എന്നീ എല്ലാ തുറയിലുള്ളവരും ഭൂരിഭാഗം സമയവും മതം തൊടാതെ കഴിയുന്നവരാണ്. പകൽ സമയമോ രാത്രി മുഴുവനോ ജോലി ചെയ്യുന്നവർ യാത്രാസമയം, വിശ്രമം, ആഹാര സമയം തുടങ്ങിയ എല്ലാ നേരങ്ങളിലും മതം ഒരാളെ സ്പർശിക്കുന്നില്ല. ചുരുക്കത്തിൽ ഏതൊരു മനുഷ്യനും 5 ശതമാനം പോലും മതവിശ്വാ

സിയല്ല. അവന്റെ നിത്യജീവിതത്തിലെ 95 ശതമാനം സമയവും ശാസ്ത്ര കാര്യങ്ങളിൽ ചിന്തിച്ചു ആ വഴിയിലൂടെ പുരോഗതിയിലേയ്ക്ക് നീങ്ങുകയാണ് ചെയ്യുന്നത്. മത വിശ്വാസിയായ ഒരു ബിസിനസ്സുകാരൻ 24 മണിക്കൂറും ബിസിനസ്സിൽ എങ്ങനെ കൂടുതൽ കാശ് ഉണ്ടാക്കാമെന്നാണ് ചിന്തിക്കുന്നത്. ഇക്കാരണത്താൽ ജനതയുടെ ഭൂരിഭാഗം പേരും ശാസ്ത്രീയ കാര്യങ്ങളിൽ വ്യാപരിക്കുകയും ചിന്തിക്കുകയും ചെയ്യുന്നതിനാൽ എല്ലാ മതവിശ്വാസികളും 95 ശതമാനം യുക്തിവാദികളാണ്. ഇക്കാരണത്താൽ മതവിശ്വാസികളേക്കാളും ഭൂരിഭാഗംപേരും യുക്തിവാദികളാണെന്നുള്ളതാണ് യാഥാർത്ഥ്യം. ആഗോള കണക്കെടുപ്പുകളിലും യുക്തിവാദികളാണ് ലോകജനസംഖ്യയിൽ മുന്നിൽ.

## ദൈവം വെറുതെ വിടില്ല

**ചോദ്യം :**

**എന്റെ അയലത്തുള്ള രാമദാസൻ സ്വന്തം പിതാവിനെ ചവിട്ടി. മനംനൊന്ത പിതാവ് അന്നുപറഞ്ഞു എന്നെ ചവിട്ടിയതിന് നീ എന്നെങ്കിലും ഫലം അനുഭവിക്കും. ദൈവം നിന്നെ വെറുതെ വിടില്ല. പതിനഞ്ചു വർഷം കഴിഞ്ഞപ്പോൾ പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. ഒരടിക്കേസിൽ രാമദാസന്റെ വലതുകാൽ നഷ്ടപ്പെട്ടു. താങ്കൾ എന്തുപറയുന്നു?**

**ഉത്തരം :**

രാമദാസനു ലഭിച്ച അനുഭവം ദൈവശിക്ഷയല്ല. സ്വന്തം പിതാവിനെ സ്വന്തം കാൽകൊണ്ടു ചവിട്ടിയ ഒരുവന്റെ തിരിച്ചറിവ് എത്രമാത്രമാണെന്നു നമുക്കറിയാം. അങ്ങനെയുള്ള ഒരുവൻ അന്യരോട് നല്ലതായി പെരുമാറുമെന്നു കരുതുണ്ടോ. വെറും മുറാള സ്വഭാവമുള്ള ഒരുവനാകണം രാമദാസൻ. അതുകൊണ്ടു നിസ്സാരകാര്യങ്ങൾക്കുപോലും അന്യരുടെ മേലിൽ കുതിരകയറാൻ രാമദാസനു മടിയുണ്ടാവില്ല. രാമദാസനെപ്പോലെ മുറാളത്തരമുള്ളവരോടായിരിക്കണം രാമദാസൻ അവസാനം ഏറ്റുമുട്ടിയത്. അവരെ തോല്പിക്കുവാനായി ആയുധമെടുത്ത രാമദാസൻ ശത്രുവിന്റെ ആക്രമണത്തിനിരയായിട്ടുണ്ട്. ചുരുക്കത്തിൽ അധർമ്മത്തിന്റെ മനസ്സുള്ള രാമദാസൻ അധർമ്മത്തിന്റെ പാതയിലൂടെ സഞ്ചരിച്ചതുകൊണ്ടാണ് കാൽ നഷ്ടപ്പെട്ടത്. വാളെടുത്തവൻ വാളാലെന്നപോലെ, അതല്ലാതെ ഏതെങ്കിലും അദൃശ്യശക്തി ബോധപൂർവ്വം കൊടുത്ത ശിക്ഷയല്ല ഇത്.

## എന്താണ് വിശ്വാസവും അന്ധവിശ്വസവും?

**ചോദ്യം :**

**വിശ്വാസം കൂടാതെ മനുഷ്യന് ജീവിക്കാൻ കഴിയുമോ. വിശ്വാസത്തിനെതിരായ സമരം അർത്ഥശൂന്യമല്ലേ?**

**ഉത്തരം :**

വിശ്വാസം കൂടാതെ മനുഷ്യന് ജീവിക്കാൻ കഴിയില്ല. വിശ്വാസത്തിനെതിരായ സമരംകൊണ്ട് ഉദ്ദേശിക്കുന്നത് അന്ധവിശ്വസങ്ങൾക്കെതിരായ സമരത്തെയാണ്. വിശ്വാസം രണ്ടുതരത്തിലാണ്. ശരിയായ വിശ്വാസവും അന്ധവിശ്വാസവും. ഞാനതു ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. നമുക്കു കടപ്പുറത്തുപോകാൻ ഒരു കിലോമീറ്റർ ദൂരമുള്ള ഒരു വഴിയും അഞ്ചു കി:മീ: ചുറ്റിവരുന്ന മറ്റൊരു വഴിയുമുണ്ട്. ഇതിൽ ആദ്യവഴി ശരിയായ വിശ്വസവും രണ്ടാമത്തെ വഴി അന്ധവിശ്വാസവുമാണ്. അതായത് യാഥാസ്ഥിതിക വിശ്വാസങ്ങൾ അന്ധവിശ്വാസങ്ങളല്ല. ശരിയായ അന്ധവിശ്വാസങ്ങൾ എപ്പോഴും ആത്മനിഷ്ഠവും ശരിയായ വിശ്വാസങ്ങൾ എപ്പോൾ വസ്തുനിഷ്ഠവുമായിരിക്കും.

# ഭൗതിക ചിന്ത പഠിക്കണം

**ചോദ്യം :**

**ഡോക്ടർമാർ, ശാസ്ത്രജ്ഞൻമാർ, ശാസ്ത്രം പഠിപ്പിക്കുന്ന പ്രൊഫസർമാർ എന്നിവർ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടല്ലോ. അവരൊക്കെ മണ്ടന്മാരാണോ?**

**ഉത്തരം ?**

എല്ലാ ഡോക്ടർമാരും ശാസ്ത്രജ്ഞൻമാരും, ശാസ്ത്രം പഠിപ്പിക്കുന്ന പ്രൊഫസർമാരും ദൈവത്തിൽ വിശ്വസിക്കുന്നവരല്ല. എന്നാൽ ഇക്കൂട്ടരിൽ ചിലരാണ് അങ്ങനെ വിശ്വസിക്കുന്നത്. ഓപ്പറേഷൻ നടത്തുന്നതിന് മുമ്പ് പ്രാർത്ഥിക്കുന്ന ഡോക്ടർമാരും, റോക്കറ്റ് വിക്ഷേപിക്കുമ്പോൾ ഗണപതിപൂജ നടത്തുന്ന ശാസ്ത്രജ്ഞന്മാരും, കോളേജ് തുറക്കുമ്പോൾ പൂജ നടത്തി വിദ്യ ആരംഭിക്കുന്ന ശാസ്ത്രം പഠിപ്പിക്കുന്ന പ്രൊഫസർമാരും ഇന്നുണ്ട്. ഇതിനു കാരണം ശാസ്ത്രത്തിന്റെ അനന്തമായ വിജ്ഞാന മണ്ഡലത്തിലെ ചില ശാഖകളെക്കുറിച്ച് മാത്രം പഠിച്ചവരാണ് മുകളിൽപറഞ്ഞ ഇക്കൂട്ടർ. അനന്തമായ ശാസ്ത്രവിജ്ഞാന മണ്ഡലത്തിലെ മറ്റു ചില ശാഖകൾ മാത്രമല്ല ദൈവവിശ്വാസത്തിന്റെ പൊള്ളത്തരം വ്യക്തമാക്കുന്ന ശാസ്ത്രവിജ്ഞാന ശാഖ ഇവർ പഠിച്ചിട്ടില്ല. ആ ശാഖകളിൽ അവർക്ക് അറിവില്ലാത്തതുപോലെ ഭൗതിക ശാസ്ത്രത്തെക്കുറിച്ചും ഇവർ അജ്ഞരാണ്. മലയാളം പ്രൊഫസർക്ക് രസതന്ത്രത്തെക്കുറിച്ചുള്ള അറിവില്ലായ്മ പോലെയാണിത്. അതുകൊണ്ട് ദൈവവി

ശ്വാസം എന്നത് അദ്ധ്യാത്മിക തത്വചിന്തയാണ്. ഈ ചിന്ത അന്ധ വിശ്വാസത്തിൽ കെട്ടിയുയർത്തിയതാണ്. ഈ വിശ്വാസം മാറണ മെങ്കിൽ ശാസ്ത്രീയമായ ഭൗതികചിന്താബോധം ഉണ്ടാകണം. അതുകൊണ്ട് ശാസ്ത്രം കൈകാര്യം ചെയ്യുന്ന ഇക്കൂട്ടർ ഭൗതിക ചിന്ത പഠിച്ചാൽ ഈ അബദ്ധപ്രവർത്തനങ്ങളിൽ നിന്നും രക്ഷപ്പെടാം.

# ഭക്തിഗാനങ്ങളും യുക്തിവാദവും

**ചോദ്യം:**

**ഭക്തിഗാനങ്ങളെ യുക്തിവാദികൾ ആസ്വദിക്കാറുണ്ടോ? ഭക്തി വിരുദ്ധരായ യുക്തിവാദികൾ ഭക്തിഗാനം കേൾക്കുമ്പോൾ ചെവി അടച്ചുപിടിയ്ക്കുമോ?**

**ഉത്തരം :**

എല്ലാ വിധമായ ഗാനങ്ങളെയും യുക്തിവാദികൾ ആസ്വദിക്കാറുണ്ട്. ഗാനങ്ങൾ നമുക്ക് ആസ്വാദനം പകരുന്നത് അതിൽ അടങ്ങിയിരിക്കുന്ന താളങ്ങളാണ്. ഭക്തിപരമോ നിരീശ്വരപരമോ ആയ വരികളല്ല ആസ്വാദനം തരുന്നത്. വരികൾ കിടക്കുന്ന താളങ്ങളാണ് നമുക്ക് അനുഭൂതി പകരുന്നത്. ശബരിമലയിൽ തങ്കസൂര്യോദയം എന്ന പാട്ടും മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു എന്ന പാട്ടും നമുക്ക് ആസ്വാദനം തരുന്നത് വിശ്വാസമല്ല. താളമാണ്. ഈശ്വരവിശ്വാസികളായ കവികൾ ഭൂരിഭാഗമായതിനാലാണ് ധാരാളം ഭക്തിഗാനങ്ങൾ ഉണ്ടായത്. എന്നാൽ വയലാർ രാമവർമ്മയെപ്പോലുള്ള ധാരാളം ഭൗതിക കവികൾ ഉണ്ടാകാതിരിക്കുന്നതുകൊണ്ടാണ് നമുക്ക് നല്ല നിരീശ്വരഗാനങ്ങളുടെ എണ്ണം കുറഞ്ഞുപോയത്.

അധ്യായം-4

# യുക്തിവാദികൾക്ക് ജീവൻ സൃഷ്ടിക്കാമോ?

**ചോദ്യം:**

**എല്ലാ ജീവജാലങ്ങളേയും സൃഷ്ടിച്ചത് ദൈവമാണെന്ന് മത ഗ്രന്ഥങ്ങൾ പറയുന്നത്. എന്നാൽ യുക്തിവാദികൾ ഇതു വിശ്വ സിക്കുന്നില്ല. അങ്ങനെയാണെങ്കിൽ യുക്തിവാദികൾക്ക് ജീവൻ കൃത്രിമമായി സൃഷ്ടിക്കാമോ?**

ഉത്തരം:

മതങ്ങൾ ജന്മം കൊണ്ട കാലത്ത് ജീവൻ കൃത്രിമമായി ആർക്കും ഉണ്ടാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ജീവൻ എങ്ങനെയുണ്ടായി എന്ന ചോദ്യത്തിന് ഉത്തരമില്ലായിരുന്നു. ഈ അറിവില്ലായ്മയ്ക്ക് മതങ്ങൾ നൽകിയ ഉത്തരമാണ് ജീവന്റെ സൃഷ്ടികർത്താവ് ദൈവ മാണെന്ന വിശ്വാസം.

എന്നാൽ 1967-ൽ ഡോ. ആർതർകോൺബർഗും കൂട്ടരും ബാക്ടീ രിയൽ വൈറസ്-പൈ X 174 -നെ പരീഷണ നാളിയിൽ കൃത്രിമ മായി സംശ്ലേഷണം ചെയ്യുകയുണ്ടായി. ഇതു ജീവനെ കൃത്രിമ മായി നിർമ്മിക്കുന്നതിലെ ഒരു സുപ്രധാന കാൽവെപ്പായിരുന്നു. 1946-ൽ ഹർഗോബിന്ദ് ഖൊറാന എന്ന ശാസ്ത്രജ്ഞൻ ജീവനെ കൃത്രിമമായി സൃഷ്ടിച്ചു. 'എഷറിക്കിയ കോളൈ' എന്ന ബാക്ടീ രിയയുടെ ജീനാണ് അദ്ദേഹം ആദ്യമായി നിർമ്മിച്ചത്. ഈയിന ത്തിൽപ്പെട്ട 207 ജീനുകളെ അദ്ദേഹം നിർമ്മിച്ചു. ഈ ജീനുകളെ എഷറിക്കിയ കോളൈ എന്ന ബാക്ടീരിയയിൽ അദ്ദേഹം കടത്തി

വിട്ടു. അപ്പോൾ അവ സാധാരണജീനുക്കളെപ്പോലെ പ്രവർത്തിക്കുകയും ചെയ്തു. മനുഷ്യന്റെ കുടലിൽ കണ്ടുവരുന്ന നിരുപദ്രവകാരിയായ ഒരു ബാക്ടീരിയയാണിത്. ഈ കണ്ടുപിടിത്തത്തിന് ഖൊരാനയ്ക്ക് നോബൽ സമ്മാനം ലഭിക്കുകയുണ്ടായി. കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ, നൈട്രജൻ, സൾഫർ ഫോസ്ഫറസ് ഈ ആറ് മൂലകങ്ങൾ ചേർന്നാൽ ജീവൻ ഉണ്ടാകും. ഇരുന്നൂറിലേറെ വർഷങ്ങൾ നീണ്ടുനിന്ന രാസസംശ്ലേഷണത്തിന്റെ പരിണിത ഫലമായിട്ടാണ് ഇതു കണ്ടെത്തിയത്.

## അവാർഡ് ലഭിക്കുന്നത് ദൈവനിയോഗമോ?

**ചോദ്യം :**

**ഒരിക്കൽ ഒ.വി.വിജയന്റെ ഗുരുസാഗരത്തിന് അവാർഡ് ലഭിച്ചപ്പോൾ അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞു. ഏതോ ഒരു അദൃശ്യമായ ശക്തി തന്നെക്കൊണ്ട് അത് എഴുതിക്കുകയായിരുന്നു എന്ന്. അതുപോലെ യേശുദാസും പറഞ്ഞു. അദ്ദേഹത്തിന്റെ സംഗീതം 'ദൈവത്തിന്റെ വരദാനമാണെന്നും' ഇത് ശരിയല്ലെന്ന് താങ്കൾക്കു പറയാൻ കഴിയുമോ?**

ഉത്തരം :

സ്വന്തം കഴിവിനെ തിരിച്ചറിയാൻ കഴിയാത്തവരാണ് ഈ അഭിപ്രായം പറയുന്നത്. അവാർഡ് ലഭിക്കുന്ന സൃഷ്ടിക്കുവേണ്ടി എത്രമാത്രം പണിചെയ്തു എന്ന കാര്യം അവർ മറന്നു പോകുന്നു. ഇക്കൂട്ടർ വിപ്ലവം പറയുന്നവരാണെങ്കിൽകൂടി അവർ അമ്മിഞ്ഞ പാലിനോടൊപ്പം നുണഞ്ഞ മതവിശ്വാസം ഉപേക്ഷിച്ചിട്ടില്ല. അതിനാവശ്യമായ പരിജ്ഞാനം അവർ നേടിയിട്ടില്ല. പുതിയ അറിവ് ലഭിച്ചാൽ മാത്രമേ പഴയതിന്റെ സ്ഥാനത്തു പുതിയത് പ്രതിഷ്ഠിക്കാൻ കഴിയൂ. ലഭിച്ചില്ലെങ്കിൽ പഴയതുതന്നെ തുടരേണ്ടിവരും. വിപ്ലവസാഹിത്യകാരന്മാർ എന്നു പറയുന്നവർ ഈശ്വര വിശ്വാസത്തിന്റെ കാപട്യം തുറന്നു കാട്ടുന്ന ശാസ്ത്രീയവിജ്ഞാനം നേടാത്തവരാണ്. ഇവർ ഈ വിഷയത്തിൽ പരിമിതമായ വിദ്യാഭ്യാസം നേടിയിട്ടുള്ളതുകൊണ്ട് അവാർഡ് ലഭിക്കുന്ന മുഹൂർത്തങ്ങളിലും മറ്റും

ചഞ്ചലഹൃദയരാകുന്നു. അതോ ശരി, ഇതോ ശരി, അവസാനം തന്നെക്കാൾ വലുതു പ്രപഞ്ചനാഥനാണെന്ന വിശ്വാസമിരിക്കുന്നതിനാൽ പ്രവൃത്തിഫലം ദൈവത്തിനു കൊടുക്കുന്നു. മാത്രമല്ല ചിലരെ ദൈവം അറിഞ്ഞനുഗ്രഹിക്കുന്നവരാണെന്നും അതു എല്ലാവർക്കും ലഭ്യമല്ലെന്നും തെറ്റിദ്ധരിക്കപ്പെടുകയും മറ്റുള്ളവരെ വിശ്വസിപ്പിക്കുകയും ചെയ്യുന്നു. അതേസമയം അവരുടെ നീണ്ട തപസ്യയുടെ ഫലമായി മസ്തിഷ്ക്കത്തിലുണ്ടായിട്ടുള്ള വ്യതിയാനങ്ങളും ഉയർന്ന ഉണർവ്വും അതിന്റെ ഫലമായുണ്ടാകുന്ന സൗന്ദര്യാത്മകമായ ആശയസ്പോടനത്തെക്കുറിച്ചും ഇവർ അജ്ഞരായി പോകുന്നു. ചെടിയിൽ വിരിയുന്ന പൂവിൽ നിന്നുണ്ടാകുന്ന സുഗന്ധം പോലെയാണിത്. വിജയനെപ്പോലുള്ളവരും ദാസിനെപ്പോലുള്ളവരും ഒരു സുപ്രഭാതത്തിൽ ജന്മംകൊണ്ടവരല്ല. വിജയൻ എഴുത്തിന്റെ കാര്യത്തിൽ ഏകാഗ്രമാകുന്നതും യേശുദാസ് ഇന്നും കൃത്യമായ ദിനചര്യ ആചരിക്കുന്നതും ഇതിനു തെളിവാണ്. യേശുദാസിന് കിട്ടിയ പാരമ്പര്യ ഗുണവും സവിശേഷമായ ദിനചര്യയുടെ ഫലവുമാണ് ദാസിന്റെ സ്വരരാഗസുധ. ദാസ് ദിനചര്യ തെറ്റിച്ചാൽ വരദാനം വെള്ളത്തിലാകുമെന്നു ദാസിന് തന്നെയറിയാം. ഇക്കാര്യങ്ങൾ തന്നെയാണ് വിജയനെപ്പോലുള്ള എഴുത്തുകാരുടെയും കവികളുടെയും അവസ്ഥ. വിജയൻ എഴുതിത്തുടങ്ങുന്ന കാലത്തു അജ്ഞാതശക്തി പിടിച്ചെഴുതിപ്പിക്കാതിരുന്നതെന്തൊണ്? നോവൽ രചനയിൽ പരിശീലനം നേടിയപ്പോൾ ആ സൃഷ്ടിദൈവനിയോഗമെന്നു പറയുന്നത് അറിവില്ലായ്മയാണ്.

## അവിശ്വാസികളായ എഴുത്തുകാർ വിശ്വാസത്തിലേക്ക് തിരിച്ചു വരുമോ?

**ചോദ്യം :**

**മലയാളത്തിലെ പ്രമുഖ എഴുത്തുകാരായിരുന്ന തകഴിയും മലയാറ്റൂരും വൈക്കവും നിരീശ്വര വാദികളായിരുന്നുവെന്നും മൂവരും അവസാനം ഈശ്വര വിശ്വാസത്തിലേയ്ക്ക് തിരിച്ചു വന്നുവെന്നും, ജീവിതത്തിൽ നിർണ്ണായകമായ ഘട്ടത്തിൽ എത്തുമ്പോൾ ഏത് കടുത്ത നിരീശ്വരവാദിയും ദൈവകാരുണ്യത്തിനായി കേഴുമെന്നും ചിലർ പറഞ്ഞു കേട്ടിട്ടുണ്ട്. അതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?**

പ്രമുഖ പത്രങ്ങളിൽവന്ന ഈ വാർത്ത ഒരിക്കൽ ഞാനും ശ്രദ്ധിക്കുകയുണ്ടായി വൈക്കത്തിന്റെ ഈ അഭിപ്രായത്തിൽ യാതൊരു കഴമ്പും ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ചുവപ്പ് കണ്ടോടിയ കാളകളെപ്പോലെ ചെങ്കൊടികണ്ടപ്പോൾ അതിന്റെ പിന്നാലെ ഇറങ്ങിത്തിരിക്കുകയും അതിന്റെ ഭാഗമായി മാറിയ ചില സാഹിത്യകാരന്മാർ നമുക്കുണ്ട്. അവരിൽ പ്രധാനികളാണ് തകഴിയും വൈക്കവും മലയാറ്റൂരും ഒക്കെ. ഇവരുടെ സൃഷ്ടികളിൽ പലതും തൊഴിലാളി വർഗ്ഗമോചനത്തിന്റെ ഗാഥകൾ പാടുന്ന സാഹിത്യങ്ങളാണ്. അതേസമയം തൊഴിലാളിവർഗ്ഗത്തെ ചൂഷണം ചെയ്യുന്ന മറ്റൊരു പ്രധാനവർഗ്ഗമായ മതത്തിനെതിരെ ഇവർ തൂലിക ചലിപ്പിച്ചില്ലെന്നുള്ളതും ശ്രദ്ധേയമാണ്. ചുരുക്കത്തിൽ ഇവർ പുരോഗമന സാഹിത്യകാരന്മാർ ആയിരുന്നില്ല മറിച്ച് പുരോഗമന സാഹിത്യത്തിന്റെ സഹയാത്രികർ മാത്രം ആയിരുന്നു.

ഒരു മാർകിസ്റ്റു സാഹിത്യകാരൻ അഥവാ കമ്മ്യൂണിസ്റ്റ് സാഹിത്യകാരൻ വൈരുദ്ധ്യാത്മക ഭൗതികവാദി ആയിരിക്കണം എന്നുള്ളതാണ് അടിസ്ഥാന യാഥാർത്ഥ്യം. എന്നാൽ ഇവരെല്ലാവരും വൈരുദ്ധ്യാത്മകവാദികൾ മാത്രമേ ആയിരുന്നുള്ളു. മറിച്ചു ഭൗതികവാദികളായിരുന്നില്ല. ഇവരെ അര കമ്യൂണിസ്റ്റ് സാഹിത്യകാരന്മാർ എന്നുപറയാം. ഇവർ മാർക്സിസം താത്വികമായി പഠിച്ചവർ അല്ലെന്ന് ചുരുക്കം. ഒരു ആനയെക്കണ്ട ഒരാൾ ആനയെക്കണ്ടില്ലെന്നു മനപൂർവ്വം പറയാം. എന്നാൽ സത്യസന്ധമായി പറഞ്ഞാൽ ആനയെ കണ്ടില്ലെന്നു പറയില്ല.. അയാളിൽ ബോധം നിലനിൽക്കുന്നതുവരെ ആനയെ കണ്ട കാര്യം പറയും. ആനയെ കണ്ടില്ലെങ്കിൽ എക്കാലവും അയാൾക്ക് ആനയെ കണ്ടില്ലെന്ന് പറയാനേ കഴിയൂ. അതുപോലെയാണ് വൈക്കത്തിന്റെ കാര്യവും. ഭഗവത് ഗീതയെ ആക്ഷേപിച്ചു തകഴി പറഞ്ഞിട്ടുണ്ടെങ്കിലും വൈക്കം പറഞ്ഞിട്ടുണ്ടെങ്കിലും അവർ നിരീശ്വരവാദികളാകണമെന്നില്ല. അതൊരു രണ്ടാമൂഴംപോലുള്ളൊരു സാഹിത്യചിന്ത മാത്രമാണ്. ആത്മീയചിന്തയുടെ പൂർണ്ണ നിഷേധമല്ല. വൈക്കം ഭൗതികവാദത്തെ ഈ വിധത്തിൽ കരുതിയതുകൊണ്ടാണ് ശാരീരികാസുഖം വന്നപ്പോൾ ആടിയുലഞ്ഞുപോയത്. ഭൗതികചിന്ത ആഴത്തിലറിയുകയും അതിൽ നിത്യവും മനനം ചെയ്യുകയും ചെയ്തിരുന്നെങ്കിൽ വൈക്കത്തിന് ദൈവത്തെ വിളിക്കേണ്ടിവരില്ലായിരുന്നു. വൈക്കവും തകഴിയും മലയാറ്റൂരും നേരത്തെ നാസ്തികർ ആയിരുന്നു എന്നു പറഞ്ഞത് നുണയാണ്. നാസ്തികരുടെ സഹയാത്രികർ മാത്രമേ ആയിരുന്നുള്ളു. നാസ്തികർ ആയിരുന്നു എന്ന് അവർ പലരേയും തോന്നിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇവരെ അടുത്തറിയാവുന്നർക്കറിയാം ഇവർ ഒരിക്കലും നിരീശ്വരവാദികൾ ആയിരുന്നില്ലെന്ന്.

ജീവിതത്തിന്റെ നിർണ്ണായകമായ ഘട്ടത്തിലെത്തുമ്പോൾ ദൈവത്തെ തേടുമെന്ന അഭിപ്രായം തികച്ചും മനഃശാസ്ത്രപരമാണ്. ഒരു പക്ഷേ പണവും ബന്ധുമിത്രാദികളും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ദൈവവിശ്വാസത്തെ അഭയം പ്രാപിക്കുന്നതും ആ വിശ്വാസത്തിന് മനുഷ്യനെരക്ഷിക്കാൻ കഴിയുന്നില്ല എന്നത് ഇവർ

വിട്ടുപോകുന്നു. ഈ മാനസികാവസ്ഥ ചഞ്ചലാട്ടത്തിന്റെ അവസ്ഥയാണ്. ഈ ഘട്ടത്തെ അതിജീവിക്കണം എന്നുണ്ടെങ്കിൽ അടിയുറച്ച ഭൗതികബോധം ഒരാൾക്കുണ്ടെങ്കിലെ കഴിയൂ. ഈ ആത്മീയമാകുന്ന അന്ധവിശ്വാസത്തെ തച്ചുടയ്ക്കാൻ മനസ്സിൽ ഭൗതികചിന്തയുടെ ശാസ്ത്രീയമായ അവബോധത്തിന്റെ ആഴം ഉണ്ടായിരിക്കണം. ഭരണകൂടത്തിൽ നിന്നും മതത്തെ വേർതിരിക്കുന്നതുപോലെ മരുന്നിൽ നിന്നും മതത്തെ വേർതിരിക്കുവാനുള്ള ആഴമേറിയ ബോധം വേണം. വൈക്കവും, തകഴിയും മലയാറ്റൂരും ദൈവത്തെ വിളിക്കുമ്പോഴും അവർ ശാസ്ത്രത്തിന്റെ സംഭാവനയായ മരുന്നിൽ മുങ്ങിക്കിടക്കുകയായിരുന്നു എന്നകാര്യം അവർ വിസ്മരിച്ചു പോകുന്നു.

## വിക്ക് ഭാഗ്യമോ?

**ചോദ്യം:**

**കുട്ടികൾക്ക് വിക്കുണ്ടാകുന്നത് ഭാഗ്യമാണെന്ന് പറഞ്ഞു കേൾക്കുന്നു. ഇത് ശരിയാണോ? ഇ.എം.എസിനെ ഇക്കൂട്ടർ ഇതിനുദാഹരിച്ച് സമർത്ഥിക്കുകയും ചെയ്യുന്നു.**

ഉത്തരം:

വിക്കുണ്ടാകുന്നത് ഭാഗ്യമാകുന്നതെങ്ങനെയാണ്? വിക്കുണ്ടാകുക യെന്നു പറഞ്ഞാൽ സുഖകരമായി സംസാരിക്കാൻ കഴിയാതാവുക യെന്നാണല്ലോ. അത് അസുഖകരമായ അവസ്തയല്ലേ. വിക്ക് എന്നു പറയുന്ന അവസ്ഥ ഒരു രോഗമാണ് പാരമ്പര്യ ഗുണവാഹിയായ ഒരു വികല്പ ജീനിന്റെ പ്രവർത്തന ഫലമായിട്ടാണ് വിക്കുണ്ടാകുന്നത്. ഇതു ജനസംഖ്യയിൽ ഒരു ശതമാനം പേർക്കുള്ളതായി കാണുന്നു. ഇതു ചികിത്സിച്ചു മാറാറാവുന്നതാണ്. പണ്ട് ഇ.എം.എസ്. പ്രസംഗി ക്കുമ്പോൾ അദ്ദേഹം അനുഭവിക്കുന്ന ബുദ്ധിമുട്ട് നമ്മൾ പലപ്പോഴും കണ്ടിട്ടുള്ളതാണ്. ഇക്കാരണത്താൽ അദ്ദേഹം പോലും ഇതൊരു ഭാഗ്യ മാണെന്ന് പറഞ്ഞിട്ടില്ല. അദ്ദേഹം ആദ്യകാലത്ത് പ്രസംഗിച്ചപ്പോഴു ണ്ടായ വിക്കിനേക്കാൾ വളരെ കുറവാണ് പിൽക്കാലത്തുള്ള വിക്ക്. അതു നിരന്തരം മാറ്റിയെടുക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമത്തിന്റെ ഫലമായിരുന്നു. ഇ.എം.എസിനെ ഇ.എം.എസ് ആക്കിയത് ഈ ഭാഗ്യ വിക്കല്ല മറിച്ച് താനൊരു വിക്കനാണെന്ന പിന്നോക്ക ബോധമാണ്. ഈ ബോധമാണ് മറ്റുള്ളവരേക്കാൾ മുന്നിൽ വരാൻ ഇ.എം.എസിനെ പ്രേരിപ്പിച്ച മാനസികവശം. ഇതു ദൈവത്തമല്ല. വ്യക്തിത്വമാണ്.

## 'റ'യും ഹരിശ്രീയും

**ചോദ്യം : ഒരിക്കൽ കൊല്ലം പബ്ലിക് ലൈബ്രറിഹാളിൽ വിജയദശമി (നവരാത്രി) നാളിൽ കുട്ടികളെ എഴുതിപ്പിച്ചതു മലയാളത്തിലെ വിപ്ലവകവിയും കമ്യൂണിസ്റ്റ് ജിഹ്വയായ ജനയുഗം വാരികയുടെ പത്രാധിപരായ തിരുനെല്ലൂർ കരുണാകരനുമാണ്. കുട്ടികളെ എഴുത്തിനിരുത്തുമ്പോൾ ഹരിശ്രീ ആരംഭിക്കുന്നത് ശാസ്ത്രീയമാണോ? ഒരു കമ്യൂണിസ്റ്റ്കാരന് ഹരിശ്രീ. ആരംഭിക്കാമോ?**

ഉത്തരം: വിജയദശമി (നവരാത്രി) നാളിൽ കുട്ടികളെ എഴുത്തിനിരുത്തുക (വിദ്യ ആരംഭിക്കുക) പണ്ടേ പതിവുള്ളകാര്യമാണ്. ആശാൻ പള്ളിക്കൂടത്തിൽ ആശാന്മാരും ക്ഷേത്രങ്ങളിൽ ശാന്തിക്കാരനുമാണ് ഇതു നടത്തിയിരുന്നത്. ഒരു പാത്രത്തിൽ അരിയോ മണ്ണോ എടുത്തു അതിൽ 'ഹരിശ്രീ' അഥവാ ഹരിശ്രീഗണപതായെനമഃ എന്നോ കുട്ടിയുടെ കൈപിടിച്ചു എഴുതിപ്പിക്കുകയും ഗുരുദക്ഷിണ വാങ്ങുകയും ചെയ്യുക പതിവാണ്. എന്നാൽ ആശാൻ പള്ളിക്കൂടത്തിൽ നിന്നും ക്ഷേത്രങ്ങളിൽ നിന്നും ആ പരിപാടി ഇന്ന് പബ്ലിക്ക് ലൈബ്രറികളിലേയ്ക്കു മനോരമ പത്രത്തിന്റെ അങ്കണത്തിലേയ്ക്കും വളർന്നിട്ടുണ്ട്.

കൊല്ലം പബ്ലിക് ലൈബ്രറിയിൽ മരിക്കുന്നതുവരെ ഡോ.എൻ. വി.കൃഷ്ണവാര്യരും അതിനുശേഷം തിരുനെല്ലൂർ കരുണാകരനുമാണ് ഇത് ചെയ്ത് വരുന്നത്.

'ഹരിശ്രീയോ' ഹരിശ്രീഗണപതായെനമയോ കുട്ടികളെ വിദ്യ

ക്കിരുത്തുമ്പോൾ എഴുതിപ്പിക്കുന്നതു അശാസ്ത്രീയവും മതപര വുമാണ്. ഹരിയെന്നു പറഞ്ഞാൽ വിഷ്ണു, ശിവൻ, യമൻ എന്നൊക്കെ അർത്ഥമുണ്ട്. അതുപോലെ ശ്രീഗണപതായെനമയെ ന്നാൽ ഗണപതിയെ നമിക്കുന്നുവെന്നുമാണർത്ഥം. ചുരുക്കത്തിൽ വിഷ്ണുവിനെയും ഗണപതിയെയും സ്തുതിക്കലാണു ഈ ആദ്യാ ക്ഷരങ്ങൾ. ഈ അക്ഷരങ്ങൾ കുഞ്ഞുമനസ്സിൽ അക്ഷരങ്ങളോടു വെറുപ്പ് ജനിപ്പിക്കുകയും മതപരമായ വിശ്വാസം ഏറ്റുവാങ്ങലുമാ യിരിക്കും ചെയ്യുന്നത്. ഇതുമതപരമായ വിശ്വാസം കുത്തിവെക്ക ലിന്റെ ഭാഗമാണ്.

അതുകൊണ്ടു വിദ്യാഭ്യാസ ചിന്തകന്മാർ പറയുന്ന ഈ തുട ങ്ങുന്ന അക്ഷരങ്ങളിലേയ്ക്കും പിന്നീട് 'ന്ന' കളുടെ സംഘടിത രൂപത്തിലേയ്ക്കും പിന്നീട് അതിൽ നിന്നും 'റ' കുട്ടിപഠിച്ചുകഴി ഞ്ഞാൽ നിഷ്പ്രയാസം 'ന' യും 'ന്ന' യും 'ര' യും 'വ' യും 'ഹ' യും 'പ' യും 'ത' യും അതിൽ നിന്നും മറ്റു അക്ഷരങ്ങളിലേയ്ക്കും കുട്ടിക്ക് പഠിച്ചു മുന്നേറാൻ ബുദ്ധിമുട്ടില്ല. മാത്രമല്ല കുട്ടിക്ക് പഠന ത്തിൽ താത്പര്യമുണ്ടാവുകയും ചെയ്യും. അതുകൊണ്ട് അക്ഷരം തുടങ്ങുമ്പോൾ ഹരിശ്രീയെന്നോ 'അ', 'ആ' യെന്നോ ഉള്ള അക്ഷ രങ്ങളിൽ തുടങ്ങാതിരിക്കുന്നതാണ് ഉത്തമം. എന്നാൽ ഇങ്ങനെ വിസ്വസിക്കുന്നവർക്ക് അങ്ങനെയും ചെയ്യാം മറിച്ച് 'റ' യിൽ തുടങ്ങുന്നതാണു ശാസ്ത്രീയം.

കമ്മ്യൂണിസ്റ്റുകാരനാണ് അക്ഷരം തുടങ്ങുന്നുവെങ്കിൽ ഹരിശ്രീയെന്നോ ഗണപതിയെന്നോ എഴുതികൊടുക്കുന്നത് ശരിയല്ല. കാരണം കമ്മ്യൂണിസ്റ്റുകാരൻ വൈരുദ്ധ്യാത്മക ഭൗതിക വാദിയാണ്. അത്തരക്കാർ ശാസ്ത്രത്തിനും ഭൗതിക ചിന്തയ്ക്കു മാണ് പ്രാധാന്യം നൽകുന്നത്. അതുകൊണ്ട് ഇനി എഴുത്തിനിരു ത്തുമ്പോൾ എഴുതിക്കൊടുക്കുന്ന ആൾ കമ്മ്യൂണിസ്റ്റുകാരനാണെ ങ്കിലും യുക്തിവാദിയാണെങ്കിലും ശാസ്ത്രീയ മാർഗ്ഗത്തിൽ കുട്ടിയെ ആദ്യാക്ഷരം ആരംഭിക്കുവാൻ രക്ഷകർത്താക്കൾ ആവശ്യപ്പെടേണ്ടതാണ്.

## വീടിന്റെ രക്ഷകൻ ആര്?

**ചോദ്യം: ശ്രീനാരായണ ഗുരുദേവൻ ഈ വീടിന്റെ രക്ഷകൻ ഗുരുവായൂരപ്പൻ, വേളാങ്കണ്ണിമാതാവ് തുടങ്ങിയവർ ഈ വീടിന്റെ രക്ഷകരെന്ന് എഴുതിയിരിക്കുന്നതിനെ ട്രയിൻ യാത്ര ചെയ്യുമ്പോൾ ഒരു യാത്രക്കാരൻ മറ്റൊരു യാത്രക്കാരനോട് വിമർശനാത്മകമായി സംസാരിക്കുന്നത് കേട്ടു. ഈ സംഭാക്ഷണം എത്രമാത്രം ശരിയാണ്?**

ഉത്തരം: അടുത്തകാലത്താണ് വാഹനങ്ങലിലും വീടുകളിലും ഇങ്ങനെ എഴുതിയിട്ടുള്ള ലേബലുകൾ കാണാൻ തുടങ്ങിയത്. ഒരു തരം രോഗംപോലെ ഇത് ഇന്ന് പടരുന്നുണ്ട്. നെറ്റിയിൽ ഒട്ടിച്ച് വച്ച് മറ്റുള്ളവരെ കാണിക്കുന്നതുപോലെ ഞാൻ ഇന്ന ദൈവത്തിന്റെ അഥവാ മതത്തിന്റെ ആരാധകനാണെന്ന് മറ്റുള്ളവരെ കാണിക്കാനും അതുമൂലം സമൂഹത്തിൽ ഒരു മാന്യത ലഭിക്കുമെന്ന വിശ്വാസത്തിലാണ് ഇത് വീട്ടു വാതിലിൽ ഒട്ടിച്ചുവച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ എല്ലാവരും കാണെ വീട്ടിന്റെ രക്ഷകൻ കൃഷ്ണനോ, രാമനോ എന്നു എഴുതി വയ്ക്കുമ്പോൾ തന്നെയുണ്ടാകുന്ന അപകടം വർഗ്ഗീയവികാരം വളർത്തുകയാണ് ചെയ്യുന്നത്. യഥാർത്ഥ വീടിന്റെ രക്ഷകൻ കുടുംബനാഥനോ വരുമാനനമുള്ള ആളോ ആണെന്ന കാര്യം അവർ വിസ്മരിച്ചുപോകുന്നു. ഗൃഹനാഥന്റേയോ, മറ്റാരുടെയെങ്കിലും വരുമാനമോ തന്റേടമോ കൊണ്ടാണ് ആ കുടുംബം നിലനിൽക്കുന്നത്. അവരാണ് യഥാർത്ഥത്തിൽ ആ വീടിന്റെ രക്ഷകൻ. അതുകൊണ്ടാണ് ഒരു യുക്തിവാദി (റസ്സൽ) തന്റെ വീടിന്റെ വാതിലിൽ എഴുതിവച്ചു റസ്സൽ ഈ വീടിന്റെ രക്ഷകനെന്ന്.

ഇതിനു സമാനമാണു വാഹനങ്ങളിൽ എഴുതിവെക്കുന്ന ഇത്തരം ലേബലുകളും. മുത്തപ്പനാണെന്നും അയ്യപ്പനാണെന്നും അള്ളാഹുവാണെന്നും ക്രിസ്തുവാണെന്നും എഴുതിവയ്ക്കുമ്പോൾ മതസ്ഥാപനവും വർഗ്ഗീയതയും വളരുന്നത് പ്രധാനമായി കാണേണ്ടതാണ്. അതിനോടൊപ്പം ഈ വാഹനം തന്നെയാണ് പലപ്പോഴും നാഷണൽ ഹൈവേയിൽ അതിദാരുണമായി കൂട്ടിയിടിക്കുകയും കൂട്ടമരണങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നത്. രക്ഷകനാണെന്ന് വിശ്വസിക്കുന്ന ദൈവം തന്നെയാണ് ശിക്ഷകനായും മാറുന്നത്. ഗുരുവായൂരിലും, മൂകാംബികയിലും കുഞ്ഞിന് ചോറുകൊടുത്തവരുന്ന ആർക്കും ഒരുദ്രോഹവും ചെയ്യാത്ത കുട്ടികൾ ഉൾപ്പെടെയാണ് മരണപ്പെടുന്നതെന്ന് ആരും ശ്രദ്ധിക്കുന്നില്ല. നിയന്ത്രണം തെറ്റിവരുന്ന വാഹനത്തെ നിയന്ത്രിക്കുവാൻ ഒരു ദൈവത്തിനും കഴിയുന്നില്ല.

## ജ്യോത്സ്യൻ പറഞ്ഞാൽ സിനിമാ താരമാകുമോ?

**ചോദ്യം :**

**പ്രശസ്ത സിനിമാതാരമായ വാണിവിശ്വനാഥ് ഒരിക്കൽ ടി. വി. യിൽ പറയുന്നത് കേട്ടു. ഭാവിയിൽ വാണി ഒരു സിനിമാതാരമാകുമെന്ന് ജ്യോതിഷകാരൻ പറഞ്ഞുവെന്നും. അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തുവെന്നും. ഇതിലെത്രമാത്രം സത്യമുണ്ട്?**

ഉത്തരം :

ജ്യോതിഷം ഭൗമയുഗ സിദ്ധാന്തത്തിലധിഷ്ഠിതമാണ്. നഗ്ന നേത്രം കൊണ്ട് കണ്ടകാര്യങ്ങളാണ് ജ്യോതിഷത്തിന്റെ അടിസ്ഥാനം. ഇതു യഥാർത്ഥ്യ വാനശാസ്ത്രത്തിനെതിരാണ്. എൻസൈക്ലോപീഡിയ ഓഫ് ബ്രിട്ടാനിക്ക ഇത് കപട ശാസ്ത്രമാണെന്നു പറയുന്നത് അത് കൊണ്ടാണ്. ഇതിനെ ചുവടുപിടിച്ച് കൊണ്ട് മനുഷ്യന്റെ ഭാവിഭൂതങ്ങൾ പറഞ്ഞാൽ എങ്ങനെ ശരിയാവും.

മനുഷ്യന്റെ വ്യക്തിപരം, കുടുംബപരം, സാമൂഹ്യവും സാംസ്കാരികവുമായ കാര്യങ്ങളെക്കുറിച്ച് ജ്യോത്സ്യൻ പറയുന്നത് പൊതു മനശാസ്ത്രമാണ്. ഇതിനു ഗ്രഹനിലയുമായി ഒരു ബന്ധവുമില്ല. അതുകൊണ്ടാണ് സംഭവങ്ങളുടെ നിശ്ചിതസമയം മുൻകൂട്ടി പറയുവാൻ ഇവർക്ക് കഴിയാത്തത്.

ഇവിടെ വാണിക്കു ലഭിച്ചത് മനശാസ്ത്രപരമായ നിർദ്ദേശമാണ്. വാണിയ്ക്ക് ഭാവിയെക്കുറിച്ചുള്ള ചിന്ത വന്ന കാലത്ത് വാണി

യുടെ തലയിലെഴുത്ത് സിനിമാതാരമാകുമെന്നാണ് വിധി എന്ന ജ്യോത്സ്യന്റെ കണ്ടെത്തൽ വാണിയെ അങ്ങനെ വിശ്വസിപ്പിച്ചു. താനങ്ങനെ മാറാനുള്ള ആളാണെങ്കിൽ പിന്നെന്തിനു മറ്റു ജീവിത മാർഗ്ഗങ്ങൾ കണ്ടെത്തണം എന്ന് വാണി ചിന്തിച്ചു. അതുകൊണ്ട് വാണി ആ ലക്ഷ്യത്തിലെത്തിച്ചേരാൻ തന്നെ തീരുമാനിച്ചു. അങ്ങനെ വാണി ആ ചാനലിൽ ചെല്ലുകയും ലക്ഷ്യത്തിലെത്തി ച്ചേരുകയും ചെയ്തു. ഒരു മന്ത്രിയാകുമെന്ന് പറഞ്ഞിരുന്നെങ്കിൽ വാണി ഒരു മന്ത്രിയാകുമായിരുന്നു. ഒരു പോലീസ് ഉദ്യോഗസ്ഥ ആകുമെന്ന് പറഞ്ഞിരുന്നെങ്കിൽ വാണി ഒരു പോലീസ് ഉദ്യോഗസ്ഥ ആകുമായിരുന്നു.

കാരണം ഇത് മനശാസ്ത്രമാണ്. മനശാസ്ത്രമുപയോഗിച്ച് ജ്യോത്സ്യൻമാർ ഗ്രഹനിലയുടെ പേരുപറഞ്ഞ് തട്ടിപ്പു നടത്തുക യാണ്. ചിലർ ചോദിച്ചേക്കാം ഇത് നല്ലതല്ലേയെന്ന്. പലപ്പോഴും വിജയങ്ങളുടെയും പരാജയങ്ങളുടെയും സംഘർഷഭൂമിയാണ് മനസ്. ആ മനസ്സിലേക്ക് കാര്യങ്ങൾ പോസിറ്റീവായി പറഞ്ഞാൽ കാര്യങ്ങൾ വിജയത്തിലേയ്ക്കും നെഗറ്റീവായി പറഞ്ഞാൽ പരാജ യത്തിലേക്കും പോകും. ജ്യോത്സ്യൻമാരിൽ ചിലർ പോസിറ്റീവായി പറയുന്നത് തൽക്കാലം നമ്മളെ സന്തോഷിപ്പിക്കാനും നമ്മിൽ നിന്നും ആകർഷകമായ പണം കൈക്കലാക്കാനും വേണ്ടിയാണ്. മറിച്ചു നമ്മെ നന്നാക്കാനല്ല.

നമ്മളിൽ ആയിരത്തിൽ ഒരാൾ നന്നായി പോകുന്നുവെങ്കിൽ അത് യാദൃശ്ചികം മാത്രമാണ്. ഇവർ പരമാവധി നെഗറ്റീവായിട്ടാണ് പറയുക. നമ്മുടെ വീട് നിന്ന സ്ഥലം പണ്ട് ചുടുകാടായിരുന്നു, വരുത്തുപോക്കുണ്ട്, സർപ്പദോഷമുണ്ട്, കുടുംബം തലതല്ലിക്കീറി പ്പോകാനുള്ള ചെയ്വന ദോഷമുണ്ട് തുടങ്ങിയുള്ള രീതിയിൽ നമ്മെ തള്ളിവിടുകയും കൂടുതൽ പണം നമ്മളിൽ നിന്നും ഈടാക്കുകയും ചെയ്യും. ഇത് ജ്യോത്സ്യന്റെ വയറ്റിൽപിഴപ്പാണ് നമ്മൾ പരാജയ പ്പെടുമ്പോഴാണ് കുഴപ്പമെന്തന്നറിയാൻ പരിഹാരമാർഗ്ഗവുമായി ജ്യോത്സ്യൻമാരെ നാം കാണുന്നത്. ഒരു ഡോക്ടറുടെ മുമ്പാകെ വരുന്ന രോഗിയുടെ രോഗലക്ഷണങ്ങൾ ഡോക്ടർ മുൻകൂട്ടി ചോദി ക്കുന്നതു പോലെ ജ്യോത്സ്യനോട് വരുന്ന ആൾക്കാർ തൊഴിൽ,

കുടുംബം മറ്റ് കാര്യങ്ങൾ എന്നിവയെക്കുറിച്ചറിയാനാണ് വന്നതെന്ന് സൂചന നൽകുന്നതോടെ ജ്യോത്സ്യന് കാര്യം മനസ്സിലായി കഴിഞ്ഞു. ജ്യോത്സ്യന്റെ അടുത്ത് വരുന്നവർ തൊഴിൽപരമായോ കുടുംബപരമായോ സംഭവിച്ചവരാണെന്നരിയാവുന്നതിനാൽ ജ്യോത്സ്യർ കമ്പ്യൂട്ടർ വെളിപ്പെടുത്തുന്നത് പോലെ കാര്യങ്ങൾ പറഞ്ഞുതുടങ്ങും. നമ്മൾ അത്ഭുതത്തോടെ അത് കേട്ടിരിക്കും. ജ്യോത്സ്യൻ ഇതു നേരത്തേ തയ്യാറാക്കി വച്ചിരിക്കുന്നതണെന്ന കാര്യം നമ്മൾ അറിയാറില്ല.

# യുക്തിവാദി സാഹിത്യകാരൻ പക്ഷമുണ്ടോ?

**ചോദ്യം :**

**എഴുത്തുകാരന്റെ സ്വാതന്ത്ര്യം എന്തായിരിക്കണം? അതേസമയം എഴുത്തുകാരൻ സ്വതന്ത്രനാണോ? യുക്തിവാദ സാഹിത്യകാരന് പക്ഷമുണ്ടോ?**

ഉത്തരം :

എഴുത്തുകാരന്റെ സ്വാതന്ത്ര്യം സമൂഹത്തിന്റെ തിന്മയെ ഉയർത്തിപിടിക്കാത്തതുവരെയാകാം. എന്നാൽ എഴുത്തുകാരൻ സ്വതന്ത്രനല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കാരണം ലക്ഷ്യബോധമുള്ള സാഹിത്യകാരന് പക്ഷമുണ്ടായിരിക്കും. യുക്തിവാദസാഹിത്യകാരൻ പണം ലക്ഷ്യമാക്കിയ സാഹിത്യകാരനല്ലാത്തതിനാൽ പക്ഷമുണ്ട്. എന്തും എഴുതിവിടുന്ന ആളല്ല. ഉദാഹരണത്തിന്, ആത്മാവ്, പരമാത്മാവ്, (ബ്രാഹ്മം), പുനർജന്മം, ജ്യോൽസ്യം, ജാതകം തുടങ്ങിയ വിശ്വാസങ്ങളെ ന്യായീകരിക്കുന്ന കഥയോ, കവിതയോ, നോവലോ എഴുതാറില്ല. തികച്ചും ശാസ്ത്രീയമായ അടിത്തറയിൽ നിന്നുകൊണ്ടുള്ള രചന മാത്രമെ നടത്തു. അതുകൊണ്ട്. യുക്തിവാദ സാഹിത്യകാരനും പക്ഷമുണ്ട്.

അദ്ധ്യായം-5

# ആൾദൈവങ്ങളും ഭക്തി വ്യവസായവും

**ചോദ്യം :**

**അടുത്തകാലത്ത് ആൾദൈവങ്ങളും ഭക്തി വ്യവസായങ്ങളും വല്ലാതെ മുഴങ്ങികേട്ടുവല്ലോ എന്താണ് ആൾദൈവങ്ങളും ഭക്തി വ്യവസായവും?**

ഉത്തരം :

ആൾ ദൈവങ്ങൾ എന്നു പറയുന്നത് നമ്മുടെ പഴയ വെളിച്ചപ്പാടൻമാരിലാണ് തുടക്കം. കാളിയും മാടനും മറ്റും മേൽശാന്തിയുടേയോ വ്രതം അനുഷ്ടിക്കുന്നവരുടേയോ ദേഹത്ത് സന്നിവേശിച്ചെന്ന് മറ്റുള്ളവർക്ക് തോന്നുവാൻ വേണ്ടി അനുഗ്രഹം, തുള്ളൽ എന്നീ പ്രകടനങ്ങളോടെ വാളും ശൂലവും മറ്റുമെടുത്ത് താളമേളത്തിന്റെ അകമ്പടിയോടെ പ്രകടനം നടത്തുന്ന വെളിച്ചപ്പാടൻമാരാണ് നമ്മുടെ ആദ്യകാല മനുഷ്യദൈവങ്ങൾ. ഇവർക്ക് സിദ്ധിയുണ്ടെന്നും പ്രവചിക്കുവാൻ കഴിയുന്നവരാണെന്നും പൊതുമനഃശാസ്ത്രത്തിന്റെ പിൻബലത്തോടെ അജ്ഞരും, നിരക്ഷരരുമായ ജനങ്ങളെ പറ്റിച്ച് അവരുടെ സമ്പത്ത് ഇവർ ചൂഷണം ചെയ്തിരുന്നു.

ഇവരുടെ സ്ഥാനത്ത് അടുത്തകാലത്തുള്ള പുതിയദൈവങ്ങൾ അരങ്ങേറി. ക്ഷേത്ര വിഗ്രഹങ്ങളിലെ ദൈവത്തിന്റെ സ്ഥാനം തന്നെ ഉപേക്ഷിച്ചിട്ട് മിടുക്കികളും മിടുക്കന്മാരും പ്രതിഷ്ഠകളായി തന്നെ മാറിയെന്നതാണ് സവിശേഷത. പ്രതിഷ്ഠയുടെ സ്ഥാനം മനുഷ്യദൈവങ്ങൾ പിടിച്ചെടുത്തു. ആറ്റുകാലമ്മയുടേയും ശബരിമല അയ്യ

പ്പന്റേയും സ്ഥാനത്തേയ്ക്ക് ഇവർ വരികയും ചെയ്തു.

ശ്രീനാരായണ ഗുരുവിന്റെ ചട്ടമ്പി സ്വാമി ബ്രഹ്മാനന്ദ ശിവയോഗി തുടങ്ങിയവർ കേരളത്തിന് നല്കിയ സന്യാസ മൂല്യസങ്കല്പത്തെ ഇവർ തകിടം മറിച്ചു.

പാവങ്ങളുടെ അജ്ഞതയെ ചൂഷണം ചെയ്ത ഈ മനുഷ്യദൈവങ്ങൾ കോടികളുടെ ആസ്തിയുമായി വളർന്നു. സന്യാസി എന്നാൽ ലൗകികജീവിതം ത്യജിച്ചവർ എന്നാണർത്ഥമെങ്കിൽ മനുഷ്യദൈവങ്ങളുടെ ഡിക്ഷ്ണറിയിൽ സന്യാസിയുടെ അർത്ഥം എല്ലാ ലൗകിക സമ്പത്തും ആർജ്ജിക്കുന്നവൻ എന്നായി മാറി. അവർ 100 കോടി കൊയ്യുന്നതിനു വേണ്ടി 10 കോടിയുടെ കാരുണ്യപ്രവർത്തനങ്ങൾ ചെയ്തു കാണിക്കുന്നു. കാശുണ്ടാക്കാൻ പറ്റിയ വ്യവസായം കശുവണ്ടിയോ, കയറോ, കൈത്തറിയോ മത്സ്യബന്ധനമോ അല്ലാത്തതിനാൽ കത്തോലിക്കസഭ പണ്ടേ നടത്തിവരുന്ന ആരോഗ്യ രംഗവും വിദ്യാഭ്യാസരംഗവും ഇവർ സ്വീകരിച്ചു. മരിക്കാൻ നേരത്തും, തന്റെ കുട്ടിയുടെ ഭാവിയെക്കുറിച്ച് ആലോചിക്കുമ്പോഴും ഇവ നേടിയെടുക്കാൻ പുരയിടം വിറ്റെങ്കിലും വിശ്വാസികൾ ഇവർക്ക് പണം കൊണ്ടുക്കൊടുക്കും. അതു നല്ലതുപോലറിഞ്ഞ ഈ മനുഷ്യ ദൈവങ്ങൾ കോടികൾ കൊയ്തെടുക്കാൻ തുടങ്ങി. ഇതിന്റെ വിഹിതം പറ്റാൻ സമൂഹത്തിലെ കപടവേഷക്കാരായ രാഷ്ട്രീയക്കാരും സാഹിത്യ നായകന്മാരും ശർക്കരയിൽ ഈച്ച പറ്റുന്നതുപോലെ അവരുടെ പാളയങ്ങളിലേയ്ക്ക് പ്രയാണം നടത്തുന്നു.

# ക്രിസ്തുവും മതേതരചിന്തകളും

**ചോദ്യം:**

**യുക്തിരാജ്യം മാസികയുടെ 11-ാം ലക്കത്തിൽ ശ്രീനിപട്ടത്താനത്തിന്റെ 'കൊല ചെയ്യപ്പെടുന്ന നാരായണ ഗുരു' എന്ന ശീർഷകത്തിൽ എഴുതിയ മുഖപ്രസംഗത്തിൽ 7-ാമത് ഖണ്ഡികയിൽ അവസാന വരിയിൽ ഇങ്ങനെ കൊടുത്തിരിക്കുന്നു. യേശുവിനെ ഒറ്റു കൊടുത്തപ്പോൾ യൂദാസിന് കിട്ടിയ മുപ്പത് വെള്ളിക്കാശ് ആണ് ഇക്കൂട്ടർക്കും കിട്ടുന്നത്. സന്ദർഭത്തിന് അനുയോജ്യമായ ഉദാഹരണം തന്നെ പക്ഷേ, യുക്തി ചിന്തയിൽ താൽപര്യം ജനിക്കുകയും അതനുസരിച്ച് ഭാവിജീവിതം തുടരുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന എന്നെപ്പോലെ നവാഗതരായ കുറച്ചുപേരെയെങ്കിലും ആശയക്കുഴപ്പത്തിലാക്കുന്നതാണ് ഈ വരികൾ. യേശു ജനിച്ചിട്ടില്ലെന്ന് സമർത്ഥിക്കുന്നതിനനുസരിച്ച് മുഖപ്രസംഗത്തിലെ വരികൾ ഒരു യുക്തിവാദി എടുത്തു പ്രയോഗിക്കുന്നത് അഭികാമ്യമാണോ?**

ഉത്തരം:

നമ്മുടെ ഭാഷ മതത്തിൽ നിന്നും പൂർണ്ണമായി വേർതിരിഞ്ഞവയല്ല. അങ്ങനെയൊരു ഭൗതികവാദപരമായ ഭാഷ പൂർണ്ണമായും നമുക്കിതുവരെ ഉണ്ടായിട്ടില്ല അതുകൊണ്ട് ഭൗതികമായി നമ്മുടെ ഭാഷ പ്രയോഗിക്കേണ്ടി വരുമ്പോൾ വാക്ക്, വാചകം എന്നിവ ഉപയോഗിക്കേണ്ടി വരുന്നു. അതിനു ഭാഷയിൽ ഭൗതികഭാഷാ പണ്ഡിതൻമാർ ഒരു ശുദ്ധീകരണം നടത്തി പുതിയവാക്കും ശൈലിയും

നടത്തി പ്രതിഷ്ഠിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് 'ആശംസിക്കുക' എന്ന വാക്ക് നന്മനേരുക അഥവാ ശുഭം വരട്ടെ എന്നു പ്രാർത്ഥിക്കുക. ഇതിനു പകരം വാക്ക് സന്ദർഭമായി ഉപയോഗിക്കാനില്ല. ഈ വസ്തുതയാണ് താങ്കൾ തന്നെ സൂചിപ്പിക്കേണ്ടി വന്ന "സന്ദർഭത്തിനനുയോജ്യമായ ഉദാഹരണം തന്നെ" എന്ന അഭിപ്രായം ഈ സന്ദർഭം വായനക്കാരനു പകരാൻ ഇത്ര നല്ല സുപരിചിതമായ ഒരുപമ വേറെയില്ല. ഈ പ്രയോഗത്തിന് വിശ്വാസി ആഗ്രഹിക്കുന്ന അർത്ഥവുമില്ല. അതു ബൈബിൾ കഥയിലെ ഒരു സന്ദർഭം മാത്രമാണ്. കഥ പലപ്പോഴും യാഥാർത്ഥ്യമല്ല. ചിലപ്പോൾ സാങ്കൽപ്പികം മാത്രവുമാകാം. ഇവിടെ ഞാൻ നൽകിയ അർത്ഥത്തിന് സാങ്കൽപ്പിക തലത്തിന്റെ അച്ചുതണ്ട് മാത്രമാണുള്ളത്.

മതപരമായ കഥകളെ യുക്തിവാദികൾ പല സന്ദർഭങ്ങളിൽ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. ഈ പഠനങ്ങൾ എപ്പോഴും ഒരു കോണിൽ തന്നെ ചെന്ന് നിൽക്കണമെന്നില്ല. അതെ സമയം സമാന്തര തലത്തിൽ ചെന്ന് നിൽക്കാം. ഉദാഹരണത്തിന് യേശുവിനെ തന്നെയെടുക്കാം. യേശു കടലോരങ്ങളിൽ അദ്ധ്വാനിക്കുന്നവനെയും ഭാരം ചുമക്കുന്നവനെയും സംഘടിപ്പിച്ചു. അവർക്കു വേണ്ടി പോരാടി മരണം വരിച്ച വിപ്ലവകാരിയായ കമ്മ്യൂണിസ്റ്റാണെന്ന അഭിപ്രായം വർഷങ്ങളായി കമ്മ്യൂണിസ്റ്റുകാരുടെ ഇടയിൽ നിൽക്കുന്നുണ്ട്. അതുപോലെ ഇസ്രായേലിൽ റോമാ അധിനിവേശ സൈന്യം തമ്പടിച്ചിരുന്ന കാലത്ത് കുതിര സവാരിചെയ്തുവന്ന ഒരു പടയാളിയിൽ നിന്നും മറിയം ഗർഭം ധരിച്ചു പ്രസവിച്ചതാണ് യേശുവെന്ന ഒരഭിപ്രായവും നേരത്തെ നിലനിൽക്കുന്നുണ്ട്.

നാരായണ ഗുരുവിനെപ്പോലെ സൽപ്രവർത്തികൊണ്ടു യേശു എന്ന മനുഷ്യൻ ദേവനായി മാറിയെന്ന അഭിപ്രായവും നിലവിലുണ്ട്. ക്രിസ്തു ചരിത്ര പുരുഷനല്ലെന്ന അഭിപ്രായവും ഉണ്ടായിട്ടുണ്ട്. ഇനിയും പുതിയ പഠനങ്ങൾ ഉണ്ടാകാം. യുക്തിവാദികൾ ഇവിടെ സ്വീകരിക്കേണ്ടതൊന്നുമാത്രം യേശുവിനെ ചുറ്റിപ്പറ്റി ദൈവീക പരിവേഷമില്ലാതെ സമാനമായി വരുന്ന ഏതൊരഭിപ്രായവും മതനിരപേക്ഷമാണ്. യുക്തിവാദപരമാണ്. അതു സ്വീകരിക്കാവുന്നതാണ്.

**അധ്യായം-6**

# പ്രതിജ്ഞ

**ചോദ്യം:**

**ഭാരതീയ യുക്തിവാദി സംഘത്തിന്റെ അംഗത്വഫോറത്തിൽ അവസാനഭാഗത്ത് "വ്യക്തി ജീവിതത്തിൽ യാതൊരുവിധ മത മാർഗ്ഗങ്ങൾക്കും ഞാൻ വിധേയനാവുകയില്ല എന്നു പ്രതിജ്ഞ ചെയ്യുന്നു" എന്നു ഒരു വാചകമുണ്ട്. ദൈവനാമത്തിലാണല്ലോ സാധാരണ പ്രതിജ്ഞയെടുക്കാറുള്ളത്. 'പ്രതിജ്ഞ' എന്ന വാക്കു കൊണ്ട് യുക്തിവാദിസംഘം എന്താണ് ഉദ്ദേശിക്കുന്നത്? മതചട ങ്ങുകളിൽ വിധേയനാവുകയില്ല എന്നുള്ള ഒരു ഉറപ്പുമാത്രമാണ് സംഘം ഉദ്ദേശിക്കുന്നതെങ്കിൽ അപേക്ഷാഫോറത്തിലെ 'പ്രതിജ്ഞ'എന്ന പദത്തിന് പകരം ഉറപ്പുനൽകുന്നു എന്നാക്കി ക്കൂടേ?**

ഉത്തരം:

പ്രതിജ്ഞ എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്ന അർത്ഥം ഒരു കാര്യം ചെയ്യുമെന്നോ ചെയ്യുകയില്ലെന്നോ തീർത്തുപറയുന്നതിനെയാണ്. പൗരാണികമായി പറയുമ്പോൾ ഇതിനെ ശപഥമെന്നു പറയാറു ണ്ട്. പാഞ്ചാലീ ശപഥം നമുക്ക് സുപരിചിതമാണല്ലോ. ചോദ്യ കർത്താവ് പ്രതിജ്ഞയെ ശപഥമായി തെറ്റിദ്ധരിച്ചിരിക്കുകയാണ്.

ദൈവനാമത്തിൽ എടുക്കുന്നതിന് പകരമായ സന്ദർഭങ്ങളിൽ ദൃഢപ്രതിജ്ഞയാണ് എടുക്കാറുള്ളത്. ചിലർ സഗൗരവം എന്ന വാക്കും ഉപയോഗിച്ചിട്ടുണ്ട്. നമ്മുടെ ഭരണഘടനയിൽ ഇതിന്റെ പലതെളിവുകളുമുണ്ട്. അതുകൊണ്ട് പ്രതിജ്ഞ ഉപയോഗിക്കുന്ന

തിൽ പോരായ്മയില്ല. പ്രതിജ്ഞ എന്ന വാക്കിനു വാഗ്ദാനം, നിശ്ചയം എന്നീ അർത്ഥങ്ങൾ ഉള്ളതുപോലെ ഒരർത്ഥമാണ് ഉറപ്പും. സുപരിചിതവും പൂർണ്ണവുമായ പ്രതിജ്ഞ എന്ന വാക്കിനെ ഉപേക്ഷിച്ച് പകരം ഉറപ്പിനെ പ്രതിഷ്ഠിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. മാത്രമല്ല പ്രതിജ്ഞ എന്ന വാക്കിൽ മതപരമായ ഒരർത്ഥവും കാണുന്നതുമില്ല. അതുകൊണ്ട് ഉറപ്പിനേക്കാൾ ഉചിതം പ്രതിജ്ഞ തന്നെയാണ്.

## ഈ പേര് യോജിച്ചതാണോ?

**ചോദ്യം:**

**ഭാരതീയത ഹിന്ദുത്വമല്ലേ? യുക്തിവാദി സംഘത്തിന് ഈ പേര് യോജിച്ചതാണോ?**

ഉത്തരം :

ഇന്ത്യയ്ക്ക് ഭാരതമെന്നും ഭാരതത്തിന് ഇന്ത്യയെന്നുമാണ് ശബ്ദതാരാവലി അർത്ഥം കൊടുത്തിരിക്കുന്നത്.

ഹിന്ദുമതം യഥാർത്ഥത്തിൽ ഒരു മതമേയല്ല അതൊരു സംസ്കാരം മാത്രമാണ്. സൈന്ധവനദീതടത്തിലെ (ഒരു ദേശത്തിലെ) ജനതയെ വിളിച്ചിരുന്ന പേര് മാത്രമാണിത്. ഈ ജനത പല വിശ്വാസങ്ങളുള്ളവരായിരുന്നു. മത വിശ്വാസികളും മതനിഷേധികളും ഉണ്ടായിരുന്നു. ഭാരതീയരുടെ പ്രാമാണിക ഗ്രന്ഥങ്ങൾ ഭൗതിക ചിന്തകളാണ്. ലോകായതം, സാംഖ്യം, വൈശേഷികം, ന്യായം, യോഗം തുടങ്ങിയവ. എന്നാൽ സൈന്ധവജനതയിൽ വിശ്വാസികളുടെ ചേരിയിൽ നിർത്താവുന്നവർ സനാതനക്കാരെയാണ്. അവർ സനാതന മതക്കാരായിരുന്നില്ല. സനാതന ധർമക്കാരായിരുന്നു. അതുകൊണ്ട് ഹിന്ദുത്വത്തെ മതമായി കാണുന്നത് സത്യവിരുദ്ധമാണ്.

ഇന്ത്യയുടെ പഴയ പേരാണ് ഭാരതം. ദുഷ്യന്തന്റെ മകൻ ഭരതൻ രാജ്യം ഭരിച്ചിരുന്നത് കൊണ്ടോ ഋഷഭന്റെ മകൻ ഭരതൻ രാജ്യം ഭരിച്ചിരുന്നതുകൊണ്ടോ വ്യാസന്റെ മഹാഭാരത ശബ്ദത്തിൽ

നിന്നോ ഭാരതവർഷം ഉപഭൂഖണ്ഡം എന്ന ശബ്ദത്തിൽ നിന്നോ ആണ് ഭാരതം എന്ന ശബ്ദത്തിന്റെ ആഗമനം. ഇതൊന്നും ഒരു മതത്തിന്റെ പിൻതുടർച്ചയായി കാണുന്നില്ല.

അതുപോലെ ഒരാളുടെ വ്യക്തിത്വം (Identity, Personality) നിർണ്ണയിക്കുന്നത് നാമത്തിൽ നിന്നല്ല കർമത്തിൽ നിന്നാണ്. ഭാരതീയ സ്റ്റേറ്റ് ബാങ്ക് പണ്ടുമുതലേ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനം ഒരു ഹിന്ദുമതസ്ഥാപനാമാണെന്ന് ആരെങ്കിലും പറയുമോ?

ഭാരതീയ യുക്തിവാദി സംഘത്തിന്റെ ശബ്ദം ജാതിമതദൈവ സങ്കൽപ്പത്തിനെതിരായ ശബ്ദമാണ്. അതിനുവേണ്ടി പ്രവർത്തിക്കുന്നവരുടെ സംഘമാണ്. ഇതൊരു മതസംഘമാണെന്ന് ആർക്കെങ്കിലും പറയുവാൻ കഴിയുമോ?

ഭാരതത്തിന്റെ പുരോഗമന പാരമ്പര്യം ആത്മീയതയുടേതല്ല. ഭൗതികത്തിന്റേതാണ്. ഭാരതീയ ഭൗതിക ചിന്തയുടെ കുലപതിമാരായിരുന്നു ചാർവ്വാകനും, കപിലനും, കണാദനും, ബൃഹസ്പ്പതിയും ബുദ്ധനും ജൈനുമൊക്കെ ആ പാരമ്പര്യത്തിന്റെ, ആ പൈതൃകത്തിന്റെ പിൻ തുടർച്ചക്കാരാണ് ഭാരതീയ യുക്തിവാദിസംഘത്തിൽ പ്രവർത്തിക്കുന്നവർ. ഭാരതീയം ഹിന്ദുത്വമോ മതപരമോ അല്ല.

# കമ്മ്യൂണിസ്റ്റുകളും യുക്തിവാദികളും

**ചോദ്യം:**

**സാമൂഹ്യമാറ്റത്തിന് ഗതിവേഗം പകരാൻ ശ്രമിക്കുന്ന വൈരുദ്ധ്യാത്മക ഭൗതികവാദികളെ യുക്തിവാദികൾ എങ്ങനെയാണ് കാണുന്നത്? എവിടെയാണ് അകലം പാലിക്കുന്നത്?**

ഉത്തരം:

യുക്തിവാദികൾ വൈരുദ്ധ്യാത്മക വാദികളെ സഹോദരഭാവേന കാണുന്നു. കാരണം വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ അടിസ്ഥാനശില ഭൗതികവാദം ആണ്. ഭൗതികവാദത്തിന്റെ പേരിൽ വരുന്ന എല്ലാവരുമായി ഐക്യപ്പെട്ടുകൊണ്ട് മതങ്ങൾക്കും വർഗ്ഗീയതയ്ക്കും ജാതിഭ്രാന്തിനുമെതിരെ പോരാടണമെന്ന് യുക്തിവാദികൾ കരുതുന്നു. വൈരുദ്ധ്യാത്മക ഭൗതിക വാദ സമീപനത്തിൽ ഭൗതികവാദത്തെ ശാസ്ത്രീയമായും വൈരുദ്ധ്യവാദത്തെ അശാസ്ത്രീയമായും കാണുന്നു. അതേസമയം തൊഴിലാളി വർഗ്ഗവിമോചനത്തെ പിന്താങ്ങുകയും ചെയ്യുന്നു.

## സംഘം പ്രവർത്തനം ഒന്നും നടക്കുന്നില്ലേ?

**ചോദ്യം :**

**യുക്തിവാദികളുടെ പ്രവർത്തനങ്ങളൊന്നും ഇപ്പോൾ പത്രത്തിൽ കാണുന്നില്ലല്ലോ. അതിനർത്ഥം യുക്തിവാദി സംഘം പ്രവർത്തനങ്ങളൊന്നും ഇപ്പോൾ നടക്കുന്നില്ലന്നല്ലേ?**

ഉത്തരം:

യുക്തിവാദിസംഘം പ്രവർത്തനങ്ങളുടെ അളവുകോൽ പത്രങ്ങളല്ലെന്ന കാര്യം ആദ്യം സൂചിപ്പിക്കട്ടെ. കാരണം സംഘം പ്രവർത്തനങ്ങളെല്ലാം എല്ലാ പത്രങ്ങളും റിപ്പോർട്ടു ചെയ്യാറില്ല. സംഘം ഉയർത്തുന്ന മാനവികതാ ബോധത്തിനെതിരാണ് പ്രധാനപ്പെട്ട പല പത്രങ്ങളും അവർ ഏതെങ്കിലും ജാതിയുടെയോ മതത്തിന്റെയോ മറ്റുസങ്കുചിത വികാരങ്ങളുടെയോ ആണ്. ഓരോ പത്രങ്ങളും അതുകൊണ്ട് യുക്തിവാദിസംഘം പ്രവർത്തനങ്ങൾ, റിപ്പോർട്ടു ചെയ്യാൻ അവർക്ക് താല്പര്യമില്ല. കഴിയുമെങ്കിൽ വാർത്തകൾ വളച്ചൊടിക്കാനോ പൂഴ്ത്തിവെയ്ക്കുവാനോ ആണ് അവർ ശ്രമിക്കാറുള്ളത്.

നമ്മുടെനാട്ടിലെ കക്ഷിരാഷ്ട്രീയക്കാരുടേയും ചില സംഘടനകളുടേയും പ്രർത്തനം കണ്ടിട്ടായിരിക്കാം ചോദ്യകർത്താവ് ഇങ്ങനെ ചോദിച്ചത്. ആ പ്രസ്ഥാനക്കാരുടെ പ്രവർത്തനം പോലെ ഇതൊരു പ്രവർത്തനമേയല്ലെന്ന് അവർക്ക്തോന്നും, എന്നാൽ ആ പ്രസ്ഥാനക്കാരുടെ പ്രവർത്തനമെന്താണ്, പൊതുമുതലായ

ട്രാൻസ്പോർട്ട് ബസ് കത്തിക്കുക, കടകൾ അടിച്ചുപൊളിക്കുമെന്നു ഭീഷണിപ്പെടുത്തി അടപ്പിച്ച് ഇടുക, പോലീസിനോട് ഏറ്റുമുട്ടിപ്പിച്ചു കുടുംബരക്ഷകരായി മാറേണ്ട ചെറുപ്പക്കാരെ, വെടിയുണ്ടയ്ക്കു കൊടുക്കുക തുടങ്ങിയ നശീകരണപ്രവർത്തനങ്ങളാണ്. ഈ നാശ സംഭവങ്ങൾ പത്രവാർത്തകളായി മാറുന്നു. പത്രവാർത്തകൾ സൃഷ്ടിക്കുന്നതിനുവേണ്ടി കരുതിക്കൂട്ടി നാശസംഭവങ്ങൾ ഉണ്ടാക്കുന്നു. വാർത്തകൾ വലിയ തലക്കെട്ടിൽ മുൻ പേജിൽ വരുന്നു. പത്രം വായിക്കുന്ന മിക്കവാറുമുള്ളവർ ഈ വാർത്തകാണുന്നു. എല്ലാവരും വലിയ പ്രവർത്തനമായി ഇത് കാണുന്നു. യഥാർത്ഥത്തിൽ ഈ പ്രവർത്തനം കൊണ്ടു ജനങ്ങൾക്കെന്താണ് പ്രയോജനം. ഇത്തരം നശീകരണ പ്രവർത്തനങ്ങൾ പ്രസ്ഥാനങ്ങൾക്കു യോജിച്ചതല്ലെന്നു യുക്തിവാദി സംഘം കരുതുന്നു. മറിച്ചു ക്രിയാത്മകവും ജനോപകാരപ്രദവും പുരോഗമന പരവുമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുകയാണ് ചെയ്യുന്നത്. നൂറ്റാണ്ടുകളായി മനുഷ്യനെ ബാധിച്ചിരിക്കുന്ന അന്ധവിശ്വസങ്ങൾ, അനാചാരങ്ങൾ, മനുഷ്യനെ വേർതിരിച്ചു നിർത്തിയിരിക്കുന്ന ജാതി സമ്പ്രദായങ്ങൾ, പ്രാദേശിക വികാരങ്ങൾ, മതമൗലിക വാദങ്ങൾ എന്നിവയിൽ നിന്നും മനുഷ്യമനസിൽ വിപ്ലവം വരുത്തുകയും ചെയ്യുന്നു. നശീകരണ ബോധത്തിൽ നിന്നും നന്മയിലേക്കു ഈ പ്രവർത്തനങ്ങൾ മനുഷ്യനെ നയിക്കുകയും ചെയ്യുന്നു. നശീകരണങ്ങൾ പ്രധാന വാർത്തയാകുന്നിടത്ത് സൃഷ്ടിപരമായ വാർത്തകൽക്കു വലിയ സ്ഥാനമില്ല. അതിനാൽ സംഘം പ്രവർത്തനങ്ങൾ അകം പേജിൽ വാർത്തകളായി ചുരുങ്ങുന്നു. വലിയതലക്കെട്ടു നോക്കി വായിക്കുന്ന വായനക്കാർക്ക് ഇത് കാണാൻ കഴിയാതെ പോവുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ പത്രങ്ങളിൽ വലിയ വാർത്താപ്രാധാന്യം നേടുന്നില്ലെങ്കിലും ഇതര കക്ഷികളെ അപേക്ഷിച്ചു ജനങ്ങൾക്കു പ്രയോജനകരമായ പ്രവർത്തനം നടത്തിവരുന്നത് യുക്തിവാദി സംഘമാണ്.

# മതേതര രാഷ്ട്രീയ പാർട്ടികൾ ഏത്?

**ചോദ്യം**

**ഇന്ത്യയിൽ യുക്തിവാദികൾക്കു പൊരുത്തപ്പെടാവുന്ന മതേതര രാഷ്ട്രീയപാർട്ടികൾ ഉണ്ടോ?**

ഉത്തരം

ഭരണകൂടത്തിൽ നിന്നു മതത്തെ വേർതിരിച്ചു നിർത്തിക്കൊണ്ട് ഇന്ത്യയിൽ ഒരു മതേതര രാഷ്ട്രീയപാർട്ടിക്കും അധികാരത്തിൽ വരാൻ കഴിയുകയില്ല. കാരണം മതം ഉപേക്ഷിച്ചവരുടെ എണ്ണം കേവല ശതമാനം മാത്രമാണ്. പാർലമെന്ററി മോഹമാണ് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ലക്ഷ്യം. ഭൂരിപക്ഷം കിട്ടിയെങ്കിലേ അധികാരത്തിൽ വരാൻ കഴിയൂ. അതുകൊണ്ട് മതേതരപാർട്ടികൾക്കും വിശ്വാസികളെ പ്രീണിഷിക്കേണ്ടിയിരിക്കുന്നു.

മതേതരപാർട്ടികളും വൈരുദ്ധ്യാത്മക ഭാതികവാദ പാർട്ടികളും ഒരു വശത്തും ജാതിമത വർഗീയ ഫാസിസ്റ്റ്സ്സ ശക്തികൾ മറുവശത്തും ആയി ഏറ്റുമുട്ടുന്ന യുദ്ധങ്ങളിൽ യുക്തിവാദികൾ മതേതര പാർട്ടികളോടൊപ്പം അണിനിരക്കും. കാരണം മതേതര പാർട്ടികളെക്കാൾ അപകടകരമാണ് വർഗീയഫാസിസ്റ്റു ശക്തികൾ എന്നതു കൊണ്ടുതന്നെ.

# യുക്തിവാദവും വിശ്വാസവും

**ചോദ്യം**

**എന്താണ് യുക്തിവാദം? എന്താണ് വിശ്വാസം? നല്ല വിശ്വാസം, ചീത്തവിശ്വാസം എന്നിങ്ങനെ വിശ്വാസങ്ങളുണ്ടോ? പാതിവെന്ത യുക്തിവാദിയെ എന്തുപറയും?**

ഉത്തരം

സൂക്ഷ്മമായ നിരീക്ഷണ പരീക്ഷണങ്ങളിലൂടെ യാഥാർഥ്യം കണ്ടെത്തുന്ന ശാസ്ത്രീയ സമീപനമാണ് യുക്തിവാദമെന്ന് കുട്ടികൾക്കുപോലുമറിയാം. വസ്തുനിഷ്ഠമായത് വിശ്വാസവും ആത്മനിഷ്ഠമായത് അവിശ്വാസവുമാണ്. ശരിയായ ധാരണകൾ ഉണ്ടാക്കുന്ന ഫലവും തെറ്റായ ധാരണകൾ ഉണ്ടാക്കുന്ന ഫലവും രണ്ടാണ്. പിറവത്തുനിന്ന് ഒരാൾ കോട്ടയത്തു വരാമെന്ന് പറയുന്നതും അതല്ല, എളുപ്പം പിറവത്തുനിന്ന് തൃപ്പൂണിത്തുറയിൽ പോയി കോട്ടയത്ത് വരുന്നതാണ് എളുപ്പമെന്നും വിശ്വസിക്കുന്നത് ഉദാഹരണം. ഇവിടെ ശരിയായ ആശയ ധാരണം അഥവാ വിശ്വസിക്കൽ പിറവത്ത് നിന്നു കോട്ടയത്തു വരുന്നതാണ് എളുപ്പമെന്നതാണ്. ഇത് ശരിയായ വിശ്വാസവും മറ്റേത് തെറ്റായ വിശ്വാസവുമാണ്.

നല്ല യുക്തിവാദി, മോശം യുക്തിവാദി എന്നു രണ്ടിനമില്ല. എല്ലായുക്തിവാദികളും നല്ല മനുഷ്യരാണ്. നല്ലവരെന്നു പറഞ്ഞത് നന്മമാത്രം ചിന്തിക്കുന്ന പോസിറ്റീവ് തിങ്കേഴ്സ് എന്നർഥം. ഒ

രാൾ യുക്തിവാദത്തിലേക്കു എത്തിച്ചേരുക എന്നു പറഞ്ഞാൽ അയാൾ മാനവിക വാദത്തിലേക്ക് എത്തി ചേരുന്നുവെന്നതാണ് അർഥം. എല്ലാ യുക്തിവാദികളും മാനവികവാദികളാണ്. മനുഷ്യനെതിരായി നിൽക്കുന്ന എല്ലാ തിന്മകൾക്കും എതിരായി സമരം ചെയ്യുന്നതവരാണ്. പാതിവെന്ത യുക്തിവാദിയെ അപൂർണ യുക്തിവാദി എന്നു പറയാം.

യുക്തിവാദത്തിന്റെ പ്രാഥമിക ചുവടുവെയ്പ്പാണ് നിരീശ്വരവാദം. നാളിതുവരെ മതങ്ങൾ കൊണ്ടു വന്നിട്ടുള്ള ദൈവങ്ങളെ നിരീശ്വരവാദികൾ ഇല്ലാത്തതിനാൽ യാതൊരു തെളിവും അടിസ്ഥാനവും അംഗീകരിക്കുന്നില്ല.

# ഈശ്വര വിശ്വാസം കുറഞ്ഞു

**ചോദ്യം:**

**യുക്തിവാദി സംഘം പ്രവർത്തനം തുടങ്ങിയിട്ട് ഏറെ വർഷമായി. എന്നിട്ടും കേരളത്തിൽ ദൈവവിശ്വാസികളുടെ എണ്ണം വർദ്ധിച്ചു വരുന്നതെന്തുകൊണ്ടാണ്?**

**ഉത്തരം:**

കേരളത്തിൽ യുക്തിവാദിസംഘം ആരംഭിക്കുന്നത് 1917 മുതൽക്കാണെങ്കിലും 1935 നവംബർ 11 മുതലാണ് രജിസ്റ്റർ ചെയ്ത സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. 2022-ൽ 87 വർഷം തികയുമെങ്കിലും ഇതു വലിയൊരു കാലയളവല്ല. കാരണം അയ്യായിരത്തിൽ പരം വർഷം പഴക്കമുള്ള പഴഞ്ചൻ വിശ്വാസങ്ങളാണ് ദൈവവിശ്വാസങ്ങളും മറ്റും. തൂണിലും തുരുമ്പിലും ലയിച്ചു കിടക്കുന്നതും മുലപ്പാലിലൂടെ ലഭിച്ചിട്ടുള്ളതുമായ വിശ്വാസങ്ങൾ ഒരു സുപ്രഭാതത്തിൽ നിർമ്മാർജ്ജനം ചെയ്യണമെന്ന് ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ അത് അബദ്ധമാണ്. അതേ സമയം ജനസംഖ്യാ വർദ്ധനവിൽ ആനുപാതികമായി വിശ്വാസികളുടെ എണ്ണം വർദ്ധിച്ചിട്ടുമില്ല.

ആരാധനാലയങ്ങളിൽ പോകുന്നവർ രണ്ടു തരക്കാരാണ്. ഒന്ന് ഭക്തിയുള്ളവർ രണ്ട് ഭക്തിയില്ലാത്തവർ. ഇതിൽ ഒന്നാംകൂട്ടർ അജ്ഞതമൂലം പട്ടിണി, പാർപ്പിടം, തൊഴിൽ എന്നിവ ദേവൻ പ്രസാദിച്ചാൽ ഉണ്ടാകുമെന്ന വിശ്വാസത്തോടെ പോവുകയും സ്വന്തം അദ്ധ്വാനത്തിന്റെ മിച്ചം ദേവനു സമർപ്പിച്ചു അധഃപതിക്കുകയും ചെയ്യുന്നവർ. രണ്ടാം കൂട്ടർ പരസ്യ പ്രചരണങ്ങളിലൂടെ കീർത്തികേട്ട ആരാധനാ

ലയം കാണാൻ പോകുന്നവരും അസ്വാതന്ത്ര്യമനുഭവിക്കുന്നവരും ഒരു മാനസികോല്ലാസയാത്ര നടത്തുന്നതിനായി ക്ഷേത്രത്തെ കാരണമായി കണ്ടെത്തുന്നവരുമാണ്. ഇതിൽ ഒന്നാം കൂട്ടർ ജീവിതഭാരങ്ങളുടെ പരിഹാരം ശാസ്ത്രീയ മാർഗ്ഗങ്ങളാണെന്നു അറിയാത്തവരും രണ്ടാം കൂട്ടർ മറ്റു ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് അറിവു ലഭിക്കാത്തവരുമാണ്.

ചുരുക്കത്തിൽ വർദ്ധിക്കുന്ന ജനം ഈശ്വരവിശ്വാസം പഠിച്ചുവരുന്നവരല്ല, അജ്ഞതമൂലവും വിനോദത്തിനുവേണ്ടിയും വരുന്നവരാണ്. വരുന്ന ജനത്തിന്റെ വർദ്ധനവിൽ പകുതി കപട വിശ്വാസികളാണ്. എന്നാൽ ഇക്കൂട്ടരേയും കണക്കിലെടുത്താണ് വിശ്വാസികൾ വർദ്ധിക്കുന്നതായി പറയുന്നത്.

കേരളത്തെ സംബന്ധിച്ച് പറയുമ്പോൾ യുക്തിവാദി സംഘത്തിന്റെ ആശയപ്രചരണ ഫലമായി അടുത്തകാലത്ത് ആരാധനാലയങ്ങളിൽ വരുന്നവർ ദേവന് ധനം കൊടുക്കുന്നതിൽ വൈമനസ്യം കാട്ടിയിട്ടുണ്ട്. അതിന് തെളിവാണ് ദേവസ്വം ബോർഡ് പ്രസിഡന്റ് ഒരിക്കൽ കരുനാഗപ്പള്ളി പടയനാർകുളങ്ങര ക്ഷേത്രത്തിൽ വച്ച് നടത്തിയ പ്രസ്താവന. അദ്ദേഹം പറയുന്നു തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1186 ക്ഷേത്രങ്ങളുണ്ടെന്നും 50 ക്ഷേത്രം മാത്രമേ സ്വയം പര്യാപ്തതയുള്ളുവെന്നും ബാക്കി 1136 ക്ഷേത്രങ്ങളുടെ നില പരിതാപകരമാണെന്നും ഈ ക്ഷേത്രങ്ങൾ നിലനിൽക്കുന്നത് ശബരിമല വരുമാനം കൊണ്ടുമാത്രമാണെന്നുമാണ്. ശബരിമലയിലേയ്ക്ക് ഭക്തന്മാരുടെ എണ്ണം വളരെ കുറഞ്ഞിരിക്കുകയാണ്. 12% പേർ മാത്രമേ കേരളത്തിൽ നിന്നു ചെന്നിട്ടുള്ളുവെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പറയുന്നു. ശബരിമലയുടെ വരുമാനം അന്യസംസ്ഥാനങ്ങളിൽ നിന്നാണ്. ചുരുക്കത്തിൽ യുക്തിവാദിസംഘം പ്രവർത്തനം സജീവമായി പോകുന്നപക്ഷം സ്വയം പര്യാപ്തതയുള്ള കേരളത്തിലെ ക്ഷേത്രങ്ങളുടെ കാര്യം താമസിയാതെ കഷ്ടത്തിലാവും. അന്യസംസ്ഥാനങ്ങളിൽ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കിവരുന്നുണ്ട്. താമസിയാതെ അവിടെയും വിശ്വാസം കുറഞ്ഞു തുടങ്ങും.

# മദ്യപാനം അവകാശമോ?

**ചോദ്യം:**

**മദ്യപാനം വ്യക്തിയുടെ സ്വാതന്ത്ര്യമാണെന്നും അത് ആർക്കും ചോദ്യം ചെയ്യാൻ അവകാശമില്ലെന്നും ചില യുക്തിവാദികൾ പറയുന്നത് കേട്ടു. ഇതിനോടു യോജിക്കുന്നുണ്ടോ?**

ഉത്തരം:

നന്മകളെ സ്വീകരിക്കുന്ന സ്വാതന്ത്ര്യം പോലെയല്ല തിന്മകളെ സ്വീകരികാനുള്ള സ്വാതന്ത്ര്യം ഗുണകരമായ സ്വാതന്ത്ര്യങ്ങളെ ചിലർതടഞ്ഞുവെച്ചിരുന്നപ്പോഴാണ് നവോത്ഥാന നായകൻമാർ സമരത്തിനിറങ്ങിയത്. അതുകൊണ്ട് രണ്ടു സ്വാതന്ത്ര്യത്തെയും ഒന്നായി കാണരുത്. മദ്യപാനം ശരീരത്തിന് ഗുണം ചെയ്യുന്ന നല്ല പാനീയമല്ല. ശരീരത്തിലെ പ്രധാനപ്പെട്ട അവയവങ്ങളായ കരൾ, കിഡ്നി തുടങ്ങിയവയെ തകർക്കുകയും ചെയ്യും. മാത്രമല്ല ക്രമേണ വ്യക്തിയേയും കുടുംബ ത്തേയും നശിപ്പിക്കുക മാത്രമല്ല സമൂഹത്തിനു ദോഷകകരമായി പ്രവർത്തിപ്പിക്കുകയും ചെയ്യും. ആരും ഇതുപയോഗിക്കരുതെന്നാണഭിപ്രായം. അതുകൊണ്ടു മദ്യപാനത്തിനുള്ള അവകാശം അനുവാദിക്കാവുന്നതല്ല. മദ്യപാനം യുക്തിവാദമല്ല. അതു അയുക്തികമാണ്.

## പരമ്പരാഗത സംഘടനയോ?

**ചോദ്യം**

**യുക്തിവാദി സംഘം ഒരു പരമ്പരാഗത സംഘടനയാണെന്ന് ഒരു ലേഖനത്തിൽ വായിക്കുകയുണ്ടായി. അതു ശരിയാണോ?**

**ഗോപകുമാർ, പെരിന്തൽമണ്ണ**

ഉത്തരം : യഥാർഥത്തിൽ യുക്തിവാദി സംഘം ഒരു പരമ്പരാഗത സംഘം അല്ല. കാരണം അത് എക്കാലവും ശാസ്ത്രത്തെ ഉയർത്തിപ്പിടിക്കുന്ന സംഘടനയാണ് ശാസ്ത്ര ലോകത്ത് അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന പുത്തൻ കണ്ടെത്തലുകളെ ദീപശിഖയായി സ്വീകരിച്ചുകൊണ്ട് മുന്നോട്ട് നീങ്ങുന്ന സംഘടനയാണ് യുക്തിവാദി സംഘം. 100 വർഷം മുമ്പ് പിറവിയെടുക്കുമ്പോഴും, ഇപ്പോഴും, ഇനി നൂറുവർഷം കഴിഞ്ഞാലും പുത്തനറിവുമായിട്ടായിരിക്കും ഈ സംഘടന ചലിക്കുന്നത്. അതുകൊണ്ട്എല്ലാ മാമൂലുകളെയും ഉപേക്ഷിച്ചുകൊണ്ട് ശാസ്ത്രത്തിന്റെ കൂടെ സഞ്ചരിക്കുന്ന സംഘടനയാണ് യുക്തിവാദി സംഘം. അത് ഒരിക്കലും പരമ്പരാഗത വാദങ്ങൾ പ്രചരിപ്പിക്കുന്ന സംഘടനയായിരിക്കില്ല.

# ആത്മാവിൽ വിശ്വസിക്കാത്തവർ ആത്മകഥ എഴുതാമോ?

**ചോദ്യം :**

**പവനന്റെ ആത്മകഥയെക്കുറിച്ച് താങ്കൾ ഫേസ്ബുക്കിൽ ഒരു പോസ്റ്റ് ഇട്ടിരുന്നുവല്ലോ. അതിന് അനുകൂലമായും പ്രതികൂലമായും അനവധിപേർ അഭിപ്രായം പ്രകടിപ്പിച്ചിരുന്നുവല്ലോ. താങ്കൾ ഇഷോഴും താങ്കളുടെ അഭിപ്രായത്തിൽ തന്നെ ഉറച്ചു നിൽക്കുകയാണോ?**

ഉത്തരം :

അതേ. ഞാൻ പറഞ്ഞിടത്തു തന്നെയാണ് ഇഫോഴും നിൽക്കുന്നത്. അന്ന് മറുപടി പറഞ്ഞ അതേ അഭിപ്രായം ഒന്നുകൂടി ഞാനിവിടെ ഉദ്ധരിക്കുന്നു.

'ഭരണകൂടത്തിനും മതത്തിനും ഇടയിൽ ശക്തമായ ഒരു മതിൽ കെട്ടിനിർത്തിയിരിക്കുന്ന അവസ്ഥയാണ് മതനിരപേക്ഷത (മതേതരത്യം). ഈ സമീപനം വ്യക്തിയുടെ വാക്കിലും നോക്കിലും വേഷത്തിലും ഭാഷയിലും ഉണ്ടാവണം. ജീവനെക്കുറിച്ച് അറിഞ്ഞുകൂടാതെയിരുന്ന കാലത്ത് മതം കൊടുത്ത പേരാണ് ആത്മാവ്. ആത്മകഥപോലുള്ള എല്ലാ വാക്കുകളുടെയും നിക്ഷപത്തി 'ആത്മ' സങ്കൽപമാണ്. മതത്തിൽ നിന്നു മോചിപ്പിക്കപ്പെട്ട ഒരു ഭാഷ നമുക്ക് ഇതുവരെ ഉണ്ടായിട്ടില്ല. അതിന് ഭൗതിക സംസ്ക്കാരം ഇനിയും വളരേതുണ്ട്. പലഷോഴും ആശയം പ്രകടിപ്പിക്കാൻ വാക്കുകളില്ല. അവിടെയാണ് സൌഹാർദ (മതവും

മതനിരപേക്ഷതയും) പരമായ വാക്കു(ആത്മകഥ)കൾ ഉപയോഗിക്കുന്നത്. ഒരു യുക്തിവാദി ഇത്തരം വാക്കുകൾ പരമാവധി ഒഴിവാക്കുകയാണ് വേണ്ടത്. ഇന്ന് പുരോഗമനപ്രാസംഗികർ ആശംസിക്കൽ എന്ന പദം ഒഴിവാക്കിയിരിക്കുന്നതുപോലെ 'ആത്മ'യോടൊഷം പിൽക്കാലത്ത് ചില വാക്കുകൾ വന്നു ചേർന്നിട്ടുണ്ട്. കഥ ചേർന്നതുപോലെ. എന്നാൽ ചേരാത്ത വാക്കുകൾ വളരെ കൂടുതലാണ്. ഉദാഹരണത്തിന് ആത്മസമ്മതം, ആത്മാവിന്റെ സ്വഭാവം. ആത്മ ജ്ഞാനം സമം മോക്ഷജ്ഞാനം. ആത്മജ്ഞാനി സമം ആത്മാവിനെക്കുറിച്ച് ജ്ഞാനമുള്ളവൻ. ആത്മതത്വം സമം പരമാത്മാവിന് യഥാർഥ സ്വരൂപം. ആത്മത്രയം, ആത്മരതി... അങ്ങനെ ഒരു പാടു വാക്കുകൾ. ഈ കുടുംബത്തിലെ ഒരു വാക്കുതന്നെയാണ് ആത്മകഥയും.

# അന്ധവിശ്വാസ വിരുദ്ധ നിയമം

**ചോദ്യം :**

**അന്ധവിശ്വാസ വിരുദ്ധനിയമം പാസ്സാക്കാൻ യുക്തിവാദികൾ സർക്കാരിനോട് ആവശ്യപ്പെടാത്തത് എന്തുകൊണ്ടാണ്?**

ഉത്തരം :

അന്ധവിശ്വാസ വിരുദ്ധ നിയമം എന്ന ആശയം ഉടലെടുത്തത് മഹാരാഷ്ട്രയിലെ ഡോ.നരേന്ദ്ര ദബോൽക്കർ എന്ന യുക്തിവാദിയിൽ നിന്നാണ്. അദ്ദേഹത്തിന്റെ മരണാനന്തരം മഹാരാഷ്ട്രയിൽ ഈ നിയമം പാസ്സാക്കുകയുണ്ടായി. തുടർന്ന് പലരും കേരളത്തിലും പാസ്സാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അത് താങ്കൾ അറിയാതെ പോയതാണ്. അന്നത്തെ ആഭ്യന്തര മന്ത്രിയായിരുന്ന രമേശ് ചെന്നിത്തല പല പ്രാവശ്യം പരിഗണനയിലാണെന്ന് പറഞ്ഞിരുന്നു. ഈ സർക്കാരും അതാവർത്തിച്ചു. പക്ഷേ പാസ്സായില്ല. കാരണം മതവിഭാഗക്കാരെ ഒഴിവാക്കി ക്കൊണ്ട് ഒരു രാഷ്ട്രീയ പാർട്ടിക്കും അധികാരത്തിൽ വരാൻ കഴിയുകയില്ല.

അന്ധവിശ്വാസ വിരുദ്ധ നിയമം പാസ്സാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നം, അന്ധവിശ്വാസങ്ങൾ എന്തൊക്കെയാണ് എന്ന് എങ്ങനെ നിർണ്ണയിക്കും എന്നതാണ്. ഒന്നാം തീയതി കയറൽ, കണികാണൽ, ശകുനം, പൂച്ച കുറുക്കിടൽ, കൂടോത്രം, ജോത്സ്യം, ജാതകം, ചൊവ്വാദോഷം, വിധിവിശ്വാസം, വാസ്തു പുരുഷൻ, ആൾദൈവം, ജാതി ബോധം, മതവിശ്വാസം, ദൈവവിശ്വാസം മുതലായവ അന്ധവിശ്വാസ വിരുദ്ധ നിയമം പാസ്സാക്കിയാൽ ഇതെല്ലാം അ

തിൽ ഉൾപ്പെടുമോ? അല്ലാതുള്ള നിയമത്തിനെന്തു പ്രസക്തി? നിയമം ഉണ്ടായാൽ അതു സ്ത്രീധന നിരോധന നിയമം, മദ്യനിരോധന നിയമം പോലെ ഒന്നാകില്ലേ? നിയമനിർമ്മാണത്തെക്കാൾ ആവശ്യം ശക്തമായ ബോധവത്ക്കരണ പരിപാടികളാണ്.

# തത്വശാസ്ത്രം

**ചോദ്യം**

**യുക്തിവാദികൾ തത്വശാസ്ത്രത്തെയും ശാസ്ത്രത്തെയും എങ്ങനെ കാണുന്നു?**

ഉത്തരം

തത്വശാസ്ത്രം ശാസ്ത്രമല്ല, അത് അനുമാനങ്ങളുടെയും നിഗമനങ്ങളുടെയും തലംവരെ മാത്രമേ എത്തുന്നുള്ളൂ. ശാസ്ത്രം അനുമാനങ്ങൾക്കും നിഗമനങ്ങൾക്കും അപ്പുറം ചെല്ലുകയും യാഥാർത്ഥ്യം തിരിച്ചറിയുകയും ചെയ്യുന്നു. യുക്തിവാദികൾ തത്വശാസ്ത്രത്തെക്കാൾ ശാസ്ത്രത്തിനാണ് മുൻതൂക്കം നൽകുന്നത് ഒപ്പം മാനവികതയ്ക്കും.

# യുക്തിവാദി സംഘത്തിൽ മതവിശ്വാസികളില്ല

**ചോദ്യം :**

**മതേതര രാഷ്ട്രീയ പാർട്ടികളിലെ അംഗങ്ങളിൽ ഭൂരിഭാഗവും ദൈവവിശ്വാസികളാണ്. യുക്തിവാദി സംഘത്തിലും അങ്ങനെ തന്നെയല്ലേ?**

ഉത്തരം :

യുക്തിവാദി സംഘത്തിൽ ഏതൊരു മതവിശ്വാസിക്കും അംഗമാകാൻ കഴിയില്ല. മതം ഉപേക്ഷിച്ചവർക്ക് മാത്രമേ അംഗമാകാൻ കഴിയൂ.

യുക്തിവാദി സംഘത്തിലെ കീഴ്ഘടകങ്ങളിലെ അംഗങ്ങളും മേൽഘടകങ്ങളിലെ അംഗങ്ങളും ഒന്നുപോലെ മതം ഉപേക്ഷിച്ചവരാണ്.

പാർട്ടി മതത്തിനെതിരായ സമരത്തിനല്ല മുൻതൂക്കം നല്കുന്നത്. മതം ഉണ്ടായ സാഹചര്യത്തിനെതിരായ സമരത്തിനാണ് മുൻതൂക്കം നല്കുന്നത്. അതുകൊണ്ട് വിശ്വാസികളെല്ലാം അംഗമാവുന്നതാണ്.

എന്നാൽ യുക്തിവാദി സംഘത്തിൽ ഈ പ്രശ്നമില്ല. യുക്തിവാദി സംഘത്തിൽ മേൽ ഘടകത്തിലുള്ളവരും കീഴ്ഘടകത്തിലുള്ളവരും ഒന്നുപോലെ മതത്തിനെതിരായ സമരത്തിൽ പങ്കെടുക്കുന്നു.

യുക്തിവാദി സംഘത്തിൽ അംഗമാകുന്നവർ മതം സ്വയം ഉപേക്ഷിച്ചു വരുന്നവരാണ്. മറിച്ചു ആരുടെയെങ്കിലും സമ്മർദ്ദപ്രകാരമോ, മതപരിവർത്തനം പോലെയോ വരുന്നവരല്ല. പൂർണ്ണമായും ശാസ്ത്രീയബോധം മൂലം പരിവർത്തനം വന്നിട്ടു മതം ഉപേക്ഷിച്ചു വരുന്നവരാണ്.

യുക്തിവാദി സംഘത്തിന് പാർലമെന്ററി സമ്പ്രദായത്തിൽ ഭരണത്തിലെത്താൻ ഇപ്പോൾ ഉദ്ദേശമില്ലാത്തതിനാൽ വിശ്വാസികൾക്കു അംഗത്വം കൊടുക്കേണ്ട കാര്യമില്ല.

യുക്തിവാദി സംഘത്തിൽ മതം ഉപേക്ഷിച്ചുവരുന്നവർ മതത്തിനും മതമൗലികവാദത്തിനും മതതീവ്രവാദത്തിനും എതിരായ സമരത്തിൽ ഒന്നുപോലെ പങ്കെടുക്കുന്നു. അങ്ങനെ സമരത്തിൽ പങ്കെടുക്കുന്ന പടയാളികളുടെ സംഘമാണ് യുക്തിവാദി സംഘം.

മതത്തിനെതിരായ സമരത്തിൽ, മതത്തിന്റെ ചൂഷണത്തി നെതിരായ സമരത്തിൽ മതം ഉപേക്ഷിച്ചവർ ഒന്നുപോലെ അണി നിരക്കുന്നു. യുക്തിപൂർവ്വവും ശാസ്ത്രീയവും മാനവികവുമായ ഒരു മതാനന്തരലോകത്തിനുവേണ്ടി യുക്തിവാദി പ്രവർത്തിക്കുന്നു. യുക്തിവാദി സംഘത്തിൽ അംഗമാകുന്നവർ ഒരേസമയം യുക്തിവാദിസംഘത്തിന്റെ സമ്മേളനങ്ങളിലും ആശ്വാസത്തിന് വിശ്വാസകേന്ദ്രങ്ങളിലും പോവുകയില്ല. വിശ്വാസം ഉള്ളവരും ഇല്ലാത്തവരും എന്ന രണ്ട് കൂട്ടരോ രണ്ടു വിശ്വാസമുള്ളവരോ യുക്തിവാദി സംഘത്തിൽ ഇല്ലെന്ന് ചുരുക്കം.

വ്യക്തിയുടെ ജീവിതത്തിൽ അവർ മതം വിശ്വസിക്കുകയോ ആചരിക്കുകയോ ചെയ്യില്ല. വിവാഹം, മരണം തുടങ്ങിയ സന്ദർഭങ്ങളിൽ വിശ്വാസികളായ ബന്ധുക്കളുണ്ടെങ്കിൽ അവരുടെ മത സ്വാതന്ത്ര്യം അനുവദിക്കുകയും യുക്തിവാദി അവിശ്വാസ സ്വാതന്ത്ര്യം നിലനിർത്തുകയും ചെയ്യും.

മതം ഉപേക്ഷിച്ചവരുടെ കൂട്ടമായ യുക്തിവാദി സംഘത്തിൽ നിൽക്കുന്നവർ മതചടങ്ങുകളിൽ നിൽക്കേണ്ടിവരികയോ, ആചരിക്കേണ്ടി വരികയോ ചെയ്യുമ്പോൾ അങ്ങനെ ചെയ്താൽ, അവർ പ്രത്യയ ശാസ്ത്രത്തോട് കൂറില്ലാത്തവരോ അവസരവാദപരമയ ലാഭങ്ങൾക്കു വേണ്ടി മതസന്ധി ചെയ്യുന്നവരോ ആണ്. അത്തര

ക്കാരെ സംഘം മാറ്റിനിർത്തും. യുക്തിവാദികൾ മതവുമായി സന്ധിചെയ്യാറില്ല.

മതം പ്രാകൃത വിശ്വാസങ്ങളുടെ തുടർച്ചയാണ്. അതു ഈ പരിഷ്കൃത സമൂഹത്തിനു മാർഗ്ഗദീപമല്ല. പരിഷ്കൃത സമുദായ ത്തിന്റെ മാർഗ്ഗദർശനം സ്വീകരിക്കുകയണ് പരിഷ്കൃത മനുഷ്യൻ ചെയ്യേണ്ടത്. അതുകൊണ്ട് വിശ്വാസികൾ മതം ഉപേക്ഷിക്കുവാൻ തയ്യാറാവുകയാണ് വേണ്ടത്.

## വിവാഹം എങ്ങനെ നടത്തണം?

ചോദ്യം :

**മതവിശ്വാസികളല്ലാത്ത യുക്തിവാദികൾ വിവാഹം കഴിക്കുമ്പോൾ ഏതെല്ലാം മതകാര്യങ്ങളാണ് ഒഴിവാക്കേണ്ടത്?**

ഉത്തരം :

നിലവിൽ യുവാവ് യുവതിയുടെ കഴുത്തിൽ താലികെട്ടി പരസ്പരം മാലയിടുക എന്നത് ഹൈന്ദവരുടെ ഒരു വിവാഹ രീതിയാണ്. അതുപോലെയാണ് പ്രതിജ്ഞ ചൊല്ലിപ്പിച്ചു യുവതിയുടെ കഴുത്തിൽ യുവാവ് താലി കെട്ടുകയും യുവതി പുരുഷന് മോതിരമണിയിക്കുന്ന ക്രിസ്ത്യൻ രീതി.

ഇസ്ലാം മതത്തിൽ യുവാവ് ഒരു തുക സ്വർണ്ണം യുവതിയുടെ പിതാവിന് കൊടുത്തിട്ടു യുവതിയെ പകരം വാങ്ങുന്നതിനെയാണ് ഇസ്ലാംമത രീതിയെന്ന് പറയുന്നത്.

എന്നാൽ ഏതൊരു മതം ഉപേക്ഷിച്ച യുക്തിവാദി വിവാഹം കഴിക്കുമ്പോൾ ഈ രീതികളൊന്നും സ്വീകരിക്കാറില്ല. മറിച്ചു സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്ന രീതിയാണ് സ്വീകരിക്കുക.

വിവാഹം രജിസ്റ്ററുടെ മുമ്പാകെ വധൂവരന്മാരുടെ സാന്നിദ്ധ്യത്തിലേക്ക് രജിസ്ട്രാർ ചെന്നോ വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓഫീസിൽ വെച്ച് വിവാഹം രജിസ്റ്റർ ചെയ്യുന്നവർ പിന്നീട് ഓഡിറ്റോറിയത്തിൽ ബന്ധുമിത്രാദികൾക്കായി സ്വീകരണം നടത്താറുണ്ട്. ഓഡിറ്റോറിയത്തിൽ രജിസ്റ്റർ ചെയ്യുന്നവരും സ്വീകരണം നടത്താറുണ്ട്.

വിവാഹം വരണ്ട രീതിയിലാകാതിരിക്കാൻ വൈദ്യുതാലങ്കാരവും സംഗീത പരിപാടികളും ലഘുഭക്ഷണവും നടത്താവുന്നതാണ്.

# മിശ്രവിവാഹം പരാജയം

**ചോദ്യം :**

**മിശ്രവിവാഹം പരാജയമല്ലേ? അത് ഈ സൊസൈറ്റിക്ക് സ്വീകാര്യമായ മാതൃകയാണോ?**

ഉത്തരം :

ജാതിരഹിത സമൂഹ സൃഷ്ടിയാണ് മിശ്രവിവാഹം കൊണ്ടുദ്ദേശിക്കുന്നത്. യുക്തിവാദി സംഘത്തിന്റെ ഒരു സഹോദരസംഘമായിട്ടാണ് മിശ്രവിവാഹ പ്രസ്ഥാനമുണ്ടാവുന്നതും. മിശ്രവിവാഹത്തിന്റെ ജനിതക പ്രസക്തി വളരെ വലുതാണ്. സങ്കര വർഗ്ഗങ്ങളുടെ ഉല്പന്നശേഷി അളവിലും ഗുണത്തിലും വളരെ ഉയർന്ന നിലവാരമാണ്. ഒട്ടുമാവും സിന്ധിപശുവും ഇതിനുദാഹരണം. ഇത് മനുഷ്യന്റെ കാര്യത്തിലും പ്രകടമാണ്. മിശ്രവിവാഹിതരുടെ മക്കൾ പൊതുവെ ബുദ്ധി സാമർത്ഥ്യത്തിൽ വളരെ മുന്നിലാണ് കാണുന്നത്. അതുകൊണ്ട് മിശ്രവിവാഹം കഴിക്കുന്നത് നല്ലതാണ്.

എന്നാൽ മിശ്രവിവാഹം പൊതുവെ പരാജയമാണെന്ന് ചില ആരോപണങ്ങളുണ്ട്. അതു ജാതിമത വിവാഹങ്ങളിലും കാണുന്നുണ്ട്. ജാതിയും ജാതകവും നോക്കി വിവാഹം ചെയ്തിട്ടുള്ളവരാണ് ഭൂരിഭാഗവും കുടുംബ കോടതികളിൽ നിലവിലുള്ള കേസുകൾ. അതു 10:1 എന്നു പറയുന്നത് പോലെയെ ഉള്ളൂ.

മിശ്രവിവാഹത്തിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യം ജാതി ഒരു ഭീകര ബോധമാണ്. എപ്പോഴും രണ്ടു പേരിൽ ഒരാൾ ഉയർന്ന ജാതിയിൽപ്പെട്ട ആളായിരിക്കും. അയാൾക്ക് ഞാൻ ഉയർന്ന ജാതിയിൽപ്പെട്ട ആളാണെന്ന ഉയർന്ന ജാതിയാണെന്ന് ഞാൻ എന്ന

ബോധവും രണ്ടാമതൊരാൾക്ക് ഞാൻ താണ ജാതിയിൽപ്പെട്ട ആളാണ് അപകർഷതാ ബോധവും പലപ്പോഴും ഉരസലുകൾ ഉണ്ടാക്കാറുണ്ട്. പല പ്രണയബന്ധങ്ങളിലും ഇത് സംഭവിച്ചിട്ടുണ്ട്. എന്നാൽ മതേതര മനസ്സുകളുടെ സംഗമത്തിൽ ഇതുണ്ടായി കാണുന്നില്ല. കാരണം ജാതി ബോധം അവരുടെ മനസ്സിൽ നിന്നും ഉന്മൂലനം ചെയ്തിട്ടുള്ളവരാണ്. അവിടെ കുറഞ്ഞതോ കൂടിയതോ ഇല്ല. അതു മാനസിക തലമാണ്. മതരഹിത കുടുംബങ്ങൾ തമ്മിലുള്ള മിശ്രവിവാഹം പകരമായി കാണുന്നുണ്ട്. അതുകൊണ്ട് മിശ്രവിവാഹം കഴിക്കാനാഗ്രഹിക്കുന്നവർ മതരഹിത കുടുംബങ്ങളിൽ നിന്നും ബന്ധം സ്വീകരിക്കുന്നതാണ് നന്ന്.

വികാരപരവും വിചാരപരവുമാണ് ഇതിന് അടിസ്ഥാനം. മിശ്രവിവാഹ കുടുംബങ്ങൾ വൈകാരികമായി പ്രശ്നങ്ങളെ കാണാതെ ചിന്താപരമായി കാണുകയാണ് വേണ്ടത്.

മിശ്രവിവാഹിതർ ഇന്നു രണ്ടു വിധത്തിലുണ്ട്. മിശ്രവിവാഹിതരായിരിക്കുമ്പോൾ തന്നെ ജാതിയിലും മതത്തിലും ദൈവത്തിലും ജ്യോത്സ്യത്തിലും വിശ്വസിക്കുന്നവരും വിശ്വസിക്കാത്തവരും. ഇതിൽ വിശ്വാസികൾ നിലവിലിരിക്കുന്ന ജാതിമത വ്യവസ്ഥിതി മാറണമെന്ന് ആഗ്രഹിക്കുന്നവരല്ല. ഇഷ്ടപ്പെട്ട രണ്ടു പേർ പ്രത്യേക സാഹചര്യത്തിൽ കണ്ടുമുട്ടുകയും ഒരുമിച്ച് ജീവിക്കുവാൻ തയ്യാറാവുകയും ചെയ്യുന്നു. രണ്ടു കൂട്ടരും അവരുടെ വിശ്വാസങ്ങൾ നിലനിർത്തുകയും ജാതിസംവരണം പോലുള്ള ആനുകൂല്യങ്ങൾ വാങ്ങിയും മുന്നോട്ട് പോകുന്നു.

എന്നാൽ അവിശ്വാസികളായ മിശ്രവിവാഹിതർ ജാതിമത വ്യവസ്ഥ തകരണമെന്നു വിചാരിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. അവർ ജാതി സംവരണത്തിന്റെ ആനുകൂല്യങ്ങൾ ഉപേക്ഷിക്കുകയും മക്കളെ ജാതിക്കെതിരായി വളർത്തുകയും ചെയ്യുന്നു. അവർ പ്രണയത്തിലൂടെയല്ലാതെ അറേൻജ്ഡ് ആയി വിവാഹബന്ധം സ്വീകരിക്കുകയും ചെയ്യുന്നു. ഇവർ യുക്തിവാദി സംഘവുമായോ യുക്തിവാദവുമായോ ബന്ധമുള്ള സമരഭടന്മാരാണ്.

പലപ്പോഴും ബോധപൂർവ്വമായ ഇത്തരം വിവാഹങ്ങൾക്ക് തയ്യാറാവുന്നത് ഭൂരിഭാഗവും യുവതികളെ അപേക്ഷിച്ചു യുവാക്കളാണ്.

യുവാക്കളുടെ ഈ ആഗ്രഹം പൂർത്തീകരിക്കാൻ അതേ അളവിൽ യുവതികൾ ഇന്നു തയ്യാറായിട്ടില്ല. അതുകൊണ്ട് പലപ്പോഴും മത രഹിതരായ യുവാക്കൾ വിശ്വാസികളായ കുടുംബത്തിൽ നിന്നാണ് വധുവിനെ കണ്ടെത്തുന്നത്. ഇത്തരം കുടുംബങ്ങളിൽ വിശ്വാസിയും അവിശ്വാസിയും തമ്മിൽ സംഘർഷത്തിലേർപ്പെടാറുണ്ട്. അതിന്റെ അടിസ്ഥാനം മതേതരബോധവും വർഗ്ഗീയബോധവുമാണ്.

ജാതിബോധം പ്രാകൃതവും അപരിഷ്കൃതജനതയുടെ മനോ ഭാവമാണ്. പരിഷ്കൃത ജനതയുടേതല്ല. ഒരു ആധുനിക സമൂഹ ത്തിലെ കുടുംബം ജാതി-മത ബോധമില്ലാത്ത മാനവിക കുടുംബ മാണ്. ഇത്തരം കുടുംബം ശാസ്ത്രീയമായി ചിന്തിക്കുകയും വിജ യകരമായി മുന്നോട്ട് പോവുകയും ചെയ്യുന്നു.

# ജാതിമത രഹിത നാമം

**ചോദ്യം**

**ഞങ്ങൾ രണ്ടു സമുദായത്തിൽപ്പെട്ടവരാണ്. ഞങ്ങൾക്കുണ്ടാകാൻ പോകുന്ന കുട്ടിക്ക് രണ്ടു പേരുടെയും ജാതിയോ മതമോ ധ്വനിപ്പി ക്കാത്ത ശബ്ദമുള്ള പേരിടണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അതിനുവേണ്ടി അഞ്ചാറ് പേര് നിർദ്ദേശിക്കാമോ?**

**ഉത്തരം**

തീർച്ചയായും. ഞാൻ ഏതാനും പേരുകൾ ചുവടെ ചേർക്കുന്നു. നിങ്ങൾക്ക് താൽപ്പര്യമുണ്ടെങ്കിൽ അതിൽ നിന്നും ഏതെങ്കിലും പേര് സ്വീകരിക്കാം. അല്ലെങ്കിൽ സമാനതയുള്ള പേര് കണ്ടെത്തി സ്വീകരിക്കാവുന്നതാണ്.

മാനവ്, ആകാശ്, വിജയം, മൈത്രി, മിത്രം, ശാന്ത, അനി, അക്ഷയ്, അവകാശ്, അച്ചു, അഖിൽ, അപ്പു, അപ്പൂസ്, കുട്ടൂസ്, അരുൺ, അഭിനയ്, അതുൽ, അഭയ്, അഭി, അഭിലാഷ്, ആകർഷ്, ആഹ്ലാദ്, ആഗ്നേയ്, ആശ്രയ്, ആയൂഷ്, ഉദയ്, ഉണ്ണി, ഉഷസ്, ഉജ്വൽ, ഉഷ, മണി, എൽവി, എബി, ഐശ്വർ, ഐറൊ, ഒലീവ്, കമൽ, കുക്കു, കുമാരി, ഗൗതം, ഗിരി, ചേതസ്സ്, ടിന്റു, ടിങ്കു, തുമ്പി, ദയാലു, ദീപു, ദീപക്, ധനൻ, നിതിൻ, നീരജ്, നിർമ്മൽ, സ്വപ്ന, നിഖിൽ, നിരൂപ്, പ്രസാദ്, പ്രഭ, ഭരത്, മധു, രമ്യ, അനല, അനിത, അനൂജ, കവിത, കാരുണ്യ, കൃതി, കീർത്തി, സമുദ്ര, ലവണം, ഖനി, ഗഗന, ഗാന, ഗ്രീഷ്മ, ചിന്ത, ചിത്ര, ജയ, ജനനി, തനിമ, ദയ, ധന്യ, നവീന, നീതു, നവ്യ, നിമ, നീലിമ, പിങ്കള, പ്രവീണ, മഞ്ജു, മായ, മാധുരി, രമ, രചന, രതി, ലത, ഹൃദ്യ, റിമി, സുകന്യ മുതലായവ.

# ശകുനം

**ചോദ്യം :**

**യുക്തിവാദികൾ യാത്ര പുറപ്പെടുമ്പോൾ ശകുനം നോക്കാറില്ലേ?**

ഉത്തരം :

വീട്ടിൽ നിന്നും യാത്ര പുറപ്പെട്ടു വഴിയിലേക്കിറങ്ങുമ്പോഴാണല്ലോ ശകുനം നോക്കുന്നത്. നമ്മുടെ നാട്ടുവിശ്വാസപ്രകാരം വെറും കൊട്ട്, പാത്രം, ചട്ടി തുടങ്ങിയവയുമായാണ് ഒരാൾ വരുന്നതെങ്കിൽ ആ വഴിക്കിനിപോകണ്ട കാര്യം നടക്കില്ലെന്ന സൂചനയായിട്ടാണ് കാണുന്നത്. വെട്ടുകത്തി, മൺവെട്ടി, തൂമ്പാ തുടങ്ങിയ ഉപകരണങ്ങളുമായിട്ടാണ് ഒരാൾ വരുന്നതെങ്കിൽ, അപകടമുണ്ടാകുമെന്നും ആ വഴിക്കു പോകരുതെന്നുമാണ്. ഒരു കൂട്ട നിറച്ചു മീനോ, മലക്കറിയോ ആണ് വരുന്നതെങ്കിൽ ആ യാത്ര ശുഭമായിരിക്കുമെന്നാണ്. ഇങ്ങനെ പോകുന്നു ശകുനത്തിന്റെ കഥ.

യാത്ര പുറപ്പെടുമ്പോൾ നെഗറ്റീവ് ആണെങ്കിൽ അടുത്ത ശകുനം നോക്കുക. അത് പോസിറ്റീവാണെങ്കിൽ ലക്ഷ്യത്തിലെത്തുമ്പോൾ ഉടനെ നടക്കാത്ത കാര്യം അല്പം കഴിഞ്ഞു നടക്കുമെന്നു കരുതി പുറപ്പെടാവുന്നതാണ്. യഥാർത്ഥത്തിൽ ഇതിനൊർത്ഥവുമില്ല. യുക്തിവാദികൾ യാത്ര പുറപ്പെടുമ്പോൾ ഇക്കാര്യം ചിന്തിക്കാറേയില്ല.

## ബന്ധുമിത്രാദികൾ മരിക്കുമ്പോൾ എന്തു ചെയ്യണം?

**ചോദ്യം:**

**മരിച്ചുകിടക്കുന്ന ഒരാളുടെ ശരീരത്തിൽ റീത്തുവെച്ച് ബഹുമാനം രേഖപ്പെടുത്തുന്ന രീതിയോട് താങ്കളുടെ അഭിപ്രായമെന്താണ്?**

ഉത്തരം:

മരിച്ചുകിടക്കുന്ന ബന്ധുവിനോ, സുഹൃത്തിനോ ഒരു റീത്തു വയ്ക്കുന്നതിൽ മതപരമായ പ്രശ്നങ്ങളൊന്നുമില്ല. മരിച്ചു കിടക്കുന്ന ആളിനോടുള്ള സ്നേഹപൂർണ്ണമായ വികാരങ്ങൾ പ്രകടിപ്പിക്കാൻ അതു സഹായിക്കും. അല്ലെങ്കിൽ അപരിചിതർ കൂടിനിൽക്കുന്ന സ്ഥലത്ത് യുക്തിവാദികളുടെ പ്രാതിനിത്യം ഒരളവ് വരെ നഷ്ടപ്പെടും. എന്നാൽ പൂക്കളും കിന്നരിയും മുളച്ചീളും കൊണ്ടുണ്ടാക്കിയ വിലപിടിപ്പുള്ള റീത്തുതന്നെയാകാവൂ എന്ന നിർബന്ധം പാടില്ല. പെട്ടെന്നു ബുദ്ധിമുട്ടും പണച്ചിലവും ഒഴിവാക്കുവാൻ പൂക്കളും ഇലകളും കൊണ്ടുണ്ടാക്കാവുന്ന റീത്ത് ഉപയോഗിച്ചാലും മതി.

മരിച്ചുകിടക്കുന്ന ഒരാളുടെ ശരീരത്തിൽ റീത്തുവെച്ച് ബഹുമാനം രേഖപ്പെടുത്തുകയല്ല പ്രഥമമായി ചെയ്യേണ്ടത്. മരിച്ച ഒരാളുടെ ശരീരം ജീവിച്ചിരിക്കുന്നവർക്കു ഇനിയും പ്രയോചനപ്പെടുത്തുവാൻ കഴിയുമോ എന്നു യുക്തിവാദികൾ ചിന്തിക്കുകയാണ് വേണ്ടത്, ഇതുവരെ ലോകമെന്തെന്ന് കണ്ടിട്ടില്ലാത്ത 2 പേർക്കു മരിച്ചയാ

ളിന്റെ ആ കണ്ണുകൾ ദാനം ചെയ്യിപ്പിക്കുവാൻ ബന്ധുക്കളെ പ്രേരിപ്പിക്കുക. അതുപോലെ മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ മനുഷ്യശരീരം ലഭിക്കാതിരിക്കുന്ന ഈ സാഹചര്യത്തിൽ അതിനുവേണ്ട സംഭാവന ചെയ്യിപ്പിക്കുവാൻ കഴിയുമോ എന്നു ശ്രമിക്കുക തുടങ്ങിയ കാര്യങ്ങളാണ്. എന്നാൽ ഈ ശ്രമങ്ങളോട് ഇണങ്ങിവരാത്തവരും നിർദ്ധനരുമാണെങ്കിൽ ആ ശവം ദഹനം ചെയ്യുവാൻ വേണ്ട പണം പെട്ടന്നു സ്വരൂപിച്ചു കൊടുക്കൽ നല്ലതാണ്. അതുപോലെ ബന്ധുമിത്രാദികളെ അറിയിക്കേണ്ടതുണ്ടെങ്കിൽ അത്തരം സഹായങ്ങൾ ചെയ്യുവാൻ മടികാണിക്കുകയും ചെയ്യരുത്.

# മരണാനന്തര നിലപാട്

**ചോദ്യം :**

**മരണാനന്തരം യുക്തിവാദി സ്വീകരിക്കേണ്ട നിലപാടെന്താണ്?**

ഉത്തരം :

(1) മൃതദേഹത്തെ അങ്ങേയറ്റം ആദരിക്കേണ്ടതുണ്ട്. ജഡം സാഹചര്യം അനുസരിച്ച് അടക്കുകയോ, ദഹിപ്പിക്കുകയോ, മെഡിക്കൽ കോളേജിന് നൽകുകയോ ചെയ്യാം.

(2) മതാചാര കർമ്മങ്ങളിൽ നിന്നും താങ്കൾക്ക് വിട്ടു നിൽക്കാം. താങ്കൾക്കു ഇതിൽ വിശ്വാസമില്ലാത്തത് കൊണ്ടു മാറി നിൽക്കുകയാണെന്നും അതിന് നിർബന്ധിക്കരുതെന്നും ആവശ്യപ്പെടാം. അതേസമയം കർമ്മം ചെയ്യാൻ താൽപര്യമുള്ളവർ ഉണ്ടെങ്കിൽ താങ്കൾ എതിർനിൽക്കുകയും അരുത്.

(3) മതചടങ്ങുകൾ കൂടാതെയുള്ള കാര്യങ്ങളിൽ പങ്കാളിയാകാവുന്നതാണ്. ഉദാഹരണത്തിന് മരണം മറ്റുള്ളവരെ അറിയിക്കുക, ബോഡി ചുമ്മിക്കൊണ്ടുപോവുക. ദാഹജലം പകരുക, ശവദാഹത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്യുക തുടങ്ങിയ കാര്യങ്ങൾ.

(4) സഞ്ചയനം, പുലകുളി എന്നിവ ഒഴിവാക്കാവുന്നതാണ്.

(5) വ്യക്തിയുടെ സേവനങ്ങളെ വിലയിരുത്തുന്നതിനും മാതൃകയാക്കുന്നതിനും വേണ്ടി കുടുംബ അനുശോചന യോഗങ്ങൾ നടത്താവുന്നതാണ്.

(6) പത്രങ്ങളിൽ ഫോട്ടോ സഹിതം വാർത്ത കൊടുക്കാവുന്നതാണ്.

(7) സ്മരണ പുതുക്കുന്നതിനായി സ്മരണിക, വാർഷിക അനുസ്മരണ സമ്മേളനം എന്നിവ നടത്താവുന്നതാണ്.

(യുക്തിവാദികൾ മതാചാരങ്ങൾ ഒഴിവാക്കി മരണാനന്തരം ശരീരം മറവു ചെയ്യേണ്ടത് എങ്ങനെയെന്ന് നേരത്തെ കുടുംബാംഗങ്ങളെ ബോദ്ധ്യപ്പെടുത്തുന്നത് നന്ന്, കഴിയുമെങ്കിൽ വിൽപത്രമെഴുതി വെയ്ക്കുന്നത് ഉചിതം).

# മരണത്തെ നമുക്കും അതിജീവിക്കാം

**ചോദ്യം :**

**മരണമെന്നു പറഞ്ഞാൽ എന്താണ്? മരണം എങ്ങനെയാണ് സംഭവിക്കുന്നത്? മരണത്തെ നമുക്ക് അതിജീവിക്കാൻ കഴിയുമോ?**

ഉത്തരം:

നമ്മുടെ ശരീരത്തിലെ ശ്വാസോച്ഛ്വാസ വ്യവസ്ഥ തകരാറിലാകുകയും ശരീരത്തിലെ കോശങ്ങൾക്ക് ആവശ്യമായ പ്രാണവായു ലഭിക്കാതെ വരികയും ചെയ്യുന്ന അവസ്ഥയാണ് മരണമെന്നു പറയുന്നത്.

മരണത്തിന് രണ്ട് ഘട്ടങ്ങൾ ഉണ്ട്. ഒന്ന് ജീവിതചൈതന്യ പ്രതിഭാസം ഏറ്റവും കുറയുന്നഘട്ടം രണ്ട് ജീവചൈതന്യം തീരെ അപ്രത്യക്ഷമാകുന്ന ഘട്ടം. ഒന്നാമത്തെ ഘട്ടത്തിൽ ശ്വസകോശവും ഹൃദയവും പ്രവർത്തിക്കാതാകും. ഇതിന് സമയമെടുക്കും.

ഒന്നും രണ്ടും ഘട്ടങ്ങളിൽ നടക്കുന്ന മരണത്തെ നമുക്ക് അതിജീവിക്കാൻ കഴിയും ഒന്നാം ഘട്ടത്തിൽ ജീവചൈതന്യത്തെ ഉത്തേജിപ്പിച്ചാൽ ജീവിയെ വീണ്ടെടുക്കാൻ കഴിയും. ശ്വാസോച്ഛ്വാസം നിന്നുപോയ ശ്വാസകോശത്തിന് കൃത്രിമ ശ്വാസോച്ഛ്വാസം നൽകിയാൽ ജീവിയെ തിരിച്ചു കൊണ്ടു വരാൻ കഴിയും. അതിനുദാഹരണങ്ങൾ ധാരാളം ഉണ്ട്.

റഷ്യക്കാരനായ വാസിലി മാസലോവ് എന്ന യുവ തൊഴിലാളി ധ്രുവപ്രദേശത്ത് അതിശൈത്യം ബാധിച്ചു മരിച്ചു. അയാളിൽ ശ്വാസ കോശവും ഹൃദയവും നിലച്ചിരുന്നു. അയാളെ ഡോക്ടർമാർ ഉത്തേ ജന പ്രക്രിയയ്ക്ക് വിധേയമാക്കി. അഞ്ചു മണിക്കൂർ കഴിഞ്ഞപ്പോൾ അയാളിൽ ജീവന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. തുടർന്നയാൾ വളരെക്കാലം ജീവിച്ചു. മറ്റൊരുദാഹരണം ഉത്തരേന്ത്യക്കാരനായ വസന്തറാവു വണ്ടിമുട്ടിമരിച്ചു. മരിച്ച റാവുവിനെ ആശുപത്രിയിൽ നിന്നും ശവദാഹത്തിനായി വീട്ടിലേക്ക് കൊണ്ടുപോയി. വീട്ടിലേ ക്കുള്ളവഴി കുണ്ടും കുഴിയും, നിറഞ്ഞതായിരുന്നു. യാത്രാമദ്ധ്യേ മൃതദേഹത്തിന്റെ തലയ്ക്ക് തട്ടലും മുട്ടലും ഏൽക്കേണ്ടി വന്നു. അതുമൂലം പ്രവർത്തനം നിലച്ചിരുന്ന റാവുവിന്റെ തലച്ചോറിലെ ചില ഭാഗങ്ങൾക്ക് ചലനമുണ്ടാകുകയും ശ്വസിക്കാനുള്ള ശക്തി ഉണ്ടാവുകയും ചെയ്തു. തുടർന്ന് അദ്ദേഹം വളരെക്കാലം ജീവി ച്ചിരുന്നു. വാസിലിയുടെയും വസന്തറാവുവിന്റെയും മൃതദേഹം ചീഞ്ഞുതുടങ്ങുന്ന അവസ്ഥയിലേയ്ക്ക് നീങ്ങാതിരുന്നതുകൊ ണ്ടാണ് ജീവിക്കാനിട വന്നത്.

ആവശ്യത്തിന് പോഷകാംശങ്ങളും പ്രാണവായുവും ലഭിച്ചാൽ കോശം വളർന്നുകൊണ്ടിരിക്കും. എത്ര കാലം വേണമെങ്കിലും അവ ജീവനുള്ളവ ആയി തുടരും ഏകകോശജീവികൾ ഇതിനുദാഹര ണമാണ്. ഇവ വിഭജനത്തിലൂടെ ആവർത്തിക്കുകയാണ്. ഈ ജീവിക്കു മരണമില്ലെന്നുള്ളത് ശ്രദ്ധേയമാണ്.

# വർഗ്ഗീയവാദിയുടെ മരണം

**ചോദ്യം:**

**അടുത്തകാലത്ത് എന്റെ അറിവിൽപ്പെട്ട ഒരു സ്ഥലത്ത് മൂന്നു പേരുടെ മരണത്തിനിടയാക്കിയ ഒരു വർഗ്ഗീയകലാപം നടന്നു. ആ കലാപത്തിന് തിരികൊളുത്തുകയും നിരന്നുനിന്ന എതിർഭാഗത്തിന്റെ കടകൾക്കും വീടുകൾക്കും തീ കൊളുത്തുകയും ചെയ്ത ഒരു വർഗ്ഗീയവാദി ബോംബെയിൽ വച്ച് ഒരു അഗ്നി സ്ഫോടനത്തിൽ മരണമടയുകയുമുണ്ടായി. ഇതു ദൈവശിക്ഷയല്ലേ? അഗ്നികൊണ്ട് നിരപരാധികളെ ദ്രോഹിച്ചതിന് അഗ്നികൊണ്ട് തന്നെ മരിക്കേണ്ടി വന്നത്?**

ഉത്തരം :

വർഗ്ഗീയവാദി അഗ്നി സ്ഫോടനത്തിൽ മരണമടയേണ്ടി വന്നത് ദൈവശിക്ഷയല്ല. അല്പം ചിന്തിക്കാത്തതുകൊണ്ടാണ് ഇത്തരം ഉത്തരങ്ങളിൽ ചെന്നെത്തുന്നത്. വാളെടുത്തവൻ വാളാൽ മരിക്കുമെന്നു പറയുന്നതുപോലെ വർഗ്ഗീയവാദികളുടെ മനസ്സും പ്രവർത്തനവും എപ്പോഴും സങ്കുചിതമാണ്. അവന് അന്യമതസ്ഥന്റെ നാശവും അതുപോലെ ലഭിക്കുന്ന പൈശാചികാനന്ദവുമാണ് സന്തോഷം പകരുന്നത്. ഇത്തരം പ്രവർത്തികൾ ചെയ്യുന്നവരെപ്പോഴും അധാർമികമായി സഞ്ചരിക്കുന്നവരായിരിക്കും. അന്യന്റെ വീടും ജീവനും നശിപ്പിക്കാൻ മനസ്സുള്ളവർ എന്തു സാമൂഹ്യ വിരുദ്ധ

പ്രവർത്തനങ്ങളിലും വ്യാപൃതനാകും. അത് അവനെപ്പോഴും തുടരും. അത് അവന്റെ സഞ്ചാരപാതയാണ്. അവൻ കേരളത്തിലായാലും ബോംബെയിലായാലും സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളിൽ വ്യാപൃതനാവും. അത് അവനെപ്പോഴും തുടരുന്ന സഞ്ചാരപാതയാണ്. അവൻ കേരളത്തിലായാലും ബോംബെയിലായാലും സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളിലായിരിക്കും വ്യാപരിക്കുക. അവന്റെ ബന്ധങ്ങൾ അങ്ങനെയുള്ളതായിരിക്കും. കേരളത്തിന്റെ ഒരു മൂല കത്തിക്കാൻ ശ്രമിച്ചവൻ ബോംബെയിൽ ചെന്നാലും അവിടെ ഒരു മൂല കത്തിക്കാനായിരിക്കും ശ്രമിക്കുക. ഇവിടെ വെറും തീയ് ഉപയോഗിച്ചുവെങ്കിൽ അവിടെ സ്ഫോടക വസ്തുവാണ് സ്വീകരിച്ചത്. ഈ സ്ഫോടനം അല്പം തെറ്റിയാൽ വിപരീതദിശയിലേക്കും നാശം വിതക്കും. ഈ വേളയിൽ അഗ്നിക്കു ശത്രുവിനെയോ മിത്രത്തെയോ തിരിച്ചറിയില്ലല്ലോ. അപ്പോൾ സൃഷ്ടികർത്താവിനു തന്നെ നാശം സംഭവിക്കാം. അതാണ് ഇവിടെ സംഭവിച്ചത്. അതുപോലെ ആദ്യം അഗ്നിയിലൂടെ നാശം ഉണ്ടാക്കിയിട്ട് അഗ്നിരഹിതമായ ഒരു തൊഴിലായിരുന്നു സ്വീകരിച്ചിരുന്നുവെങ്കിൽ വർഗ്ഗീയവാദിക്കു മരണമുണ്ടാകില്ലായിരുന്നു. അയാൾ സ്വീകരിച്ച സാഹചര്യങ്ങളാണ് മരണത്തിന്റെ കാരണം. ദൈവം ശിക്ഷ കൊടുക്കുന്നതിൽ വർഗ്ഗീയവാദി ഇങ്ങനെ ചിന്തിക്കുന്നതിനു മുമ്പേ നിരപരാധികളെ രക്ഷിയ്ക്കുകയല്ലേ വേണ്ടിയിരുന്നത്.

## ആത്മഹത്യ പിന്തിരിപ്പിക്കണോ?

**ചോദ്യം:**

**ആത്മഹത്യ ചെയ്യേണ്ടി വരുന്നവരെ അതിൽ നിന്നു പിന്തിരിപ്പിക്കുന്നതു ശരിയാണോ?**

ഉത്തരം :

ആത്മഹത്യ എന്ന വാക്കുതന്നെ മാറ്റേണ്ടിയിരിക്കുന്നു. കാരണം ആത്മാവുണ്ടെങ്കിലല്ലെ ഹത്യയുള്ളു. അതുകൊണ്ട് സ്വയം ഹത്യ എന്നു പറയുന്നതാവും ഏറെ ശരി. 90% സ്വയം ഹത്യകളും മനോരോഗാവസ്ഥയാണ്. നിരാശയിൽ നിന്നും ഉടലെടുത്തതാണ് ഈ രോഗാവസ്ഥ. ആത്മഹത്യാ ശ്രമങ്ങളിൽ നിന്നും അവരെ പിന്തിരിപ്പിക്കാൻ കഴിഞ്ഞാലും പിന്നീട് അവസരമുണ്ടാക്കി അവർ ആത്മഹത്യ ചെയ്യും. കാരണം അതു മനോരോഗമായതുകൊണ്ട്. അതുപോലെ സാമ്പത്തിക വിഷയങ്ങളിലും മറ്റും ഗത്യന്തരമില്ലാതെ സ്വയം മരിക്കുന്നവരുമുണ്ട്. എന്തായാലും ആത്മഹത്യയെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

# നാസ്തികത്വവും യുക്തിവാദവും ഒന്നല്ലേ?

**ചോദ്യം**

**നാസ്തികത്വവും യുക്തിവാദവും ഒന്നല്ലേ?**

**ഉത്തരം**

ദൈവത്തിന്റെ അസ്തിത്വത്തെ വസ്തുതകളിലൂടെ നിഷേധിക്കുന്നതാണ് നാസ്തികത്വം. എന്നാൽ യുക്തിവാദം സൂക്ഷ്മമായ നിരീക്ഷണ പരീക്ഷണങ്ങളിലൂടെ യാഥാർത്ഥ്യം കണ്ടെത്തുന്ന ശാസ്ത്രീയ സമീപനമാണ്. അന്ധവിശ്വാസങ്ങളുടെ മാതാവെന്ന് വിളിക്കാവുന്ന അന്ധവിശ്വാസമാണ് ദൈവസങ്കല്പം. ഇത് യുക്തിവാദം പരിശോധിക്കുന്ന പല അന്ധവിശ്വാസങ്ങളിൽ ഒന്നു മാത്രമാണ്.

# യുക്തിവാദ സമീപനം

ശ്രീനിപട്ടത്താനം




മതവും യുക്തിവാദവുമായി
ബന്ധപ്പെട്ടു കിടക്കുന്ന
വിഷയങ്ങളിൽ, ഒരു യുക്തിവാദിയുടെ
നിലപാടെന്തായിരിക്കണം എന്നു
വിശദീകരിക്കുന്നതാണ്
യുക്തിവാദ സമീപനം എന്ന ഈ ഗ്രന്ഥം.
ശാസ്ത്രീയ ജീവിതരീതി
എങ്ങനെയായിരിക്കണമെന്ന് ചിന്തിക്കുന്ന
ഏതൊരാൾക്കും ഈ പുസ്തകം ഒരു
വഴികാട്ടിയായിരിക്കുമെന്ന
കാര്യത്തിൽ സംശയമില്ല.

IRP
ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിഷേഴ്സ്
പട്ടത്താനം, കൊല്ലം – 691021,
ഫോൺ : 9446526088

വില - 135/-

# യുക്തിവാദ സമീപനം



ശ്രീനി പട്ടത്താനം

IRP

Indic Digital Archive Foundation
gpura.org